

ലക്കം 3 പുസ്തകം 20

2025 ജൂലൈ - ഡിസംബർ

# അക്ഷരകൈരളി

## എന്റെ പഠനയാത്ര: അനുമതിയുടെ അതിർവരമ്പുകൾക്കപ്പുറം അവകാശത്തിനായുള്ള പോരാട്ടം

മസ്ക്കുലാർ ഡിസ്ട്രോഫി ബാധിതയായ പത്താംതരം തുല്യതാപഠിതാവ് അനീഷ അഷ്റഫ് സംസാരിക്കുന്നു

## അക്ഷര'ദീപ്തി'യിൽ തെളിയുന്ന ഉൾക്കാഴ്ച :

ദീപ്തി ബ്രെയിലി പഠിതാവ് രാജാമണിയുടെ ജീവിതകഥ

## കേരള പൊതു സേവന അവകാശ നിയമം 2025

കേരളത്തിലെ ഭരണപരിഷ്കാരത്തിന്റെ പുതിയ യുഗം.

## എഴുതപ്പെടാത്ത സമരം, തിരുത്തപ്പെടുന്ന ചരിത്രം

പത്താംതരം തുല്യതയിലെ പെൺകരുത്ത്

കേരള സർക്കാർ
തദ്ദേശസ്വയംഭരണവകുപ്പ്
പൊതുവിദ്യാഭ്യാസവകുപ്പ്

കേരള സംസ്ഥാന
സാക്ഷരതാമിഷൻ അതോറിറ്റി

# അക്ഷരകൈരളി




## വായനയുടെ ലോകം വിരൽത്തുമ്പിലേക്ക്...
## അക്ഷരകൈരളി ഇനിമുതൽ ഓൺലൈനിൽ

ലക്കം 3 പുസ്തകം 20
2025 ജൂലൈ - ഡിസംബർ

# അക്ഷരകൈരളി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
അക്ഷരം, പേട്ട ബോയ്സ് സ്കൂളിന് സമീപം, പേട്ട പി. ഒ. തിരുവനന്തപുരം – 24
ഫോൺ – 0471-2472253, 2472254
ഇ-മെയിൽ – AKSHARAKAIRALI2017@GMAIL.COM. STATELITERACYMISSION@GMAIL.COM
വെബ്സൈറ്റ് : WWW.LITERACYMISSIONKERALA.ORG

## കവർസ്റ്റോറി



**എന്റെ പഠനയാത്ര: അനുമതിയുടെ അതിർവരമ്പുകൾക്കപ്പുറം അവകാശത്തിനായുള്ള പോരാട്ടം** 11

**അക്ഷര'ദീപ്തി'യിൽ തെളിയുന്ന ഉൾക്കാഴ്ച :**
ദീപ്തി ബ്രെയിലി പഠിതാവ് രാജാമണിയുടെ ജീവിതകഥ 13



### ലേഖനം

**കേരള പൊതുസേവന അവകാശ നിയമം കേരളത്തിലെ ഭരണപരിഷ്കാരത്തിന്റെ പുതിയ മുഖം** 6
അഡ്വ സുമയ്യ എച്ച് എസ്

**യുവതലമുറയും രാഷ്ട്രീയ പങ്കാളിത്തവും ഒരു സാമൂഹിക രാഷ്ട്രീയ നിരീക്ഷണം** 24
മേഘ വിജയൻ

**അക്ഷരവെളിച്ചത്തിൽ നവകേരളം : ഡിജിറ്റൽ യുഗത്തിലെ സാക്ഷരത** 32
ഗംഗ കാവാലം

### പെൺപടവ്

**എഴുതപ്പെടാത്ത സമരം, തിരുത്തപ്പെടുന്ന ചരിത്രം** 17
ആരതി രാജൻ

### കഥ

**മൈനകൾ പറഞ്ഞത്** 15
ഭാഗ്യരാജ് വി ബി

**ശല്യം അധികപ്പറ്റാകുന്ന കാലം** 21
ഗിഫു മേലാറ്റൂർ

**വിശപ്പ്** 23
സംഗീത് ശിവൻ

**ദി ഇൻവിസിബിൾസ്** 26
അഖിൽ ആർ

**ആൾക്കൂട്ടം** 30
സമദ് പനയപ്പള്ളി

**കാലം നൽകുന്ന മധുരക്കനികൾ** 34
മിനി മോഹനൻ

### കവിത

**സ്വയം ഇസ്തിരിയിട്ടാൽ ചുളിവ് മാറാത്ത വസ്ത്രങ്ങൾ** 10
ഡോ. പി. ലാൽമോഹൻ

**പ്രണയബാക്കി** 16
മോഹൻദാസ് കെ

**കാലം** 22
ഹഫീന ഹമീദ്

**ഭൂതകാലം** 27
റാഫി സി മുന്നിയൂർ

**സ്നേഹത്തിൻ കൈച്ചില്ലകൾ** 31
ശ്രീവരാഹം മുരളി

**ലഹരി** 37
നൈസി സി

### ഓർമ്മക്കുറിപ്പ്

**ഓർമയിലെ സാക്ഷരത പ്രവർത്തനം** 9
പാറക്കുഴിയിൽ സുബ്രഹ്മണ്യൻ

### തുല്യതാക്കാഴ്ചകൾ 28

എഡിറ്റർ : **ഒലീന എ ജി**
പ്രിന്റിങ് & അഡ്മിനിസ്ട്രേഷൻ : **ഡോ. രശ്മി ജി**
അസിസ്റ്റന്റ് എഡിറ്റർ : **ആരതി രാജൻ**
ലേഔട്ട് & ഡിസൈൻ : **ആരതി രാജൻ**

പത്രാധിപസമിതി
**ഡോ. കാവുമ്പായി ബാലകൃഷ്ണൻ**
**ടി കെ നാരായണദാസ്**
**ഡോ. കെ വി കുഞ്ഞികൃഷ്ണൻ**
**വി മാധവൻപിള്ള**
**ഡോ. എം എ അസ്കർ**

അക്ഷരകൈരളിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേത് മാത്രമാണ്

# അഭിപ്രായങ്ങൾ

അക്ഷരകൈരളിയിലെ പംക്തികളെല്ലാം വളരെ ഉപകാരപ്രദമാണ്. വായനക്കാരന് എളുപ്പത്തിൽ മനസ്സിലാവുന്ന തരത്തിലുള്ള രചനകളാണ് ഞാൻ കൂടുതലും വായിക്കാറുള്ളത്. വായനക്കാരിൽ കൂടുതൽ പേരും സാധാരണക്കാർ ആയതിനാൽ ലളിതമായ ഭാഷയിലുള്ള, ഉപകാരപ്രദമായ കൂടുതൽ ലേഖനങ്ങൾ ഉൾപ്പെടുത്തുന്നത് ഏറെ നന്നാകം. നിയമം, ആരോഗ്യം പോലെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.

പത്താംതരം തുല്യതാപഠിതാവ്
ഗവ. ഹയർ സെക്കന്ററി സ്കൂൾ, തേവന്നൂർ
കൊല്ലം

കഴിഞ്ഞ ലക്കത്തിലെ അക്ഷരകൈരളിയിൽ ഉൾപ്പെടുത്തിയ പത്താംതരം തുല്യാതാപരീക്ഷാസഹായി ഏറെ പ്രയോജനപ്പെട്ടു. ഇനിയും അത്തരത്തിലുള്ള ഉപകാരപ്രദമായ കാര്യങ്ങൾ അക്ഷരകൈരളിയിൽ ഉൾപ്പെടുത്തണം. പഠിതാക്കളെന്ന നിലയിൽ ഞങ്ങൾ കൂടുതൽ അറിയാനാഗ്രഹിക്കുന്നത് പരീക്ഷാസംബന്ധിയായ കാര്യങ്ങളാണ്. മുൻ പഠിതാക്കളുടെ അനുഭവങ്ങളുൾപ്പെടെ ഉൾപ്പെടുത്തുന്നത് ഞങ്ങൾക്ക് പ്രചോദനമാണ്.

രേണുക ജി വി
പഠിതാവ്, ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ
കോട്ടയം

# എഡിറ്റോറിയൽ



## അറിവിന്റെ തുല്യനീതി: സാക്ഷരതയിൽ നിന്നും ശാക്തീകരണത്തിലേക്കുള്ള ജനകീയ പ്രയാണം

“ഏവർക്കും വിദ്യാഭ്യാസം എന്നെന്നും വിദ്യാഭ്യാസം' എന്ന തത്വത്തിൽ ഊന്നികൊണ്ടാണ് അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ സാക്ഷരതാമിഷൻ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസം നേടുകയെന്നത് ഓരോ മനുഷ്യന്റെയും അവകാശമാണ്. ശാരീരിക പരിമിതികളും വെല്ലുവിളികളും അതിനൊരു തടസ്സമാകാതെയിരിക്കാനും സാമൂഹികനീതി ഉയർത്തിപ്പിടിച്ചുകൊണ്ട് വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന ഭൂരിഭാഗം മനുഷ്യർക്കും അതിന് അവസരമൊരുക്കുകയും കൈത്താങ്ങാകുകയും ചെയ്യുന്നതിലൂടെ പുതുചരിത്രം കുറിക്കുകയാണ് കേരളത്തിന്റെ വിദ്യാഭ്യാസമേഖല. പത്താംതരം തുല്യതാപരീക്ഷ ആദ്യമായി വീട്ടിൽ ഇരുന്ന എഴുതാൻ അവസരം ലഭിച്ച അനീഷയുടെയും ദീപ്തി ബ്രെയിലി പഠിതാവായ രാജാമണിയുടെയും ജീവിതം സമൂഹത്തിന് പ്രചോദനമാണ്.

കേരളത്തിന്റെ ഭരണപരിഷ്കാരത്തിന്റെ പുതിയയുഗമെന്ന വിശേഷിപ്പിക്കാവുന്ന കേരള പൊതുസേവന അവകാശ ബിൽ 2025 പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. ഭരണകർത്താക്കൾക്കല്ല, മറിച്ച് സേവനദാതാക്കൾക്ക് പ്രാധാന്യം നൽകുകയാണ് കേരളസർക്കാർ. അതിന് ഉത്തമ ഉദാഹരണമാണ് സേവനാവകാശ ബിൽ. സേവനങ്ങൾ അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനാണ് സേവനാവകാശ നിയമം. അർഹതപ്പെട്ട സേവനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാൻ പൗരന്മാർക്ക് അവകാശമുണ്ട്, വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് പിഴ ചുമത്താൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ഈ ബില്ലിന്റെ രാഷ്ട്രീയ സാമൂഹ്യ അവസ്ഥകളെ വിശകലം ചെയ്യുന്ന ലേഖനവും ഈ ലക്കം അക്ഷരകൈരളിയുടെ മാറ്റ് കൂട്ടുന്നു. വായനക്കാരുടെ അഭിരുചിക്കനുസരിച്ച് വിജ്ഞാനപ്രദമായ ലേഖനങ്ങൾക്ക് പുറമെ സർഗ്ഗാത്മകമായ കഥകളും കവിതകളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുവർഷത്തിലേക്ക് കടക്കുന്ന ഓരോ വായനക്കാർക്കും അവരുടെ ചുവടുകൾക്ക് അറിവ് ഒരായുധമാകട്ടെ എന്ന ആശംസയോടെ,

ഒലീന എ ജി
എഡിറ്റർ

ലേഖനം



അഡ്വ. സുമയ്യ എച്ച് എസ്

# കേരള പൊതുസേവന അവകാശ നിയമം 2025

## കേരളത്തിലെ ഭരണപരിഷ്കാരത്തിന്റെ പുതിയ യുഗം




ജനാധിപത്യത്തിന്റെ യഥാർത്ഥശക്തി നിലനിൽക്കുന്നത്, ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ സുതാര്യത, കാര്യക്ഷമത, സേവനങ്ങൾ നൽകുന്നതിലെ സമയക്രമപാലനം എന്നിവയിലാണ്. ജനങ്ങളുടെ ജീവിതവുമായി നേരിട്ട് ബന്ധപ്പെട്ട ഭരണസേവനങ്ങൾ വൈകുകയോ, സേവനലഭ്യതയ്ക്ക് അനാവശ്യ രേഖകൾ ആവശ്യപ്പെടുകയോ, വിശദീകരണമില്ലാതെ അപേക്ഷകൾ നിരസിക്കപ്പെടുകയോ ചെയ്യുന്ന അവസ്ഥകൾ സർക്കാർ ഓഫീസുകളിൽ സാധാരണമാണ്. ഇത്തരം പ്രശ്നങ്ങളുടെ ആഴം, "സർക്കാർ ഓഫീസിൽ ഒരു ദിവസം പോയാൽ അന്നത്തേക്ക് അതു മതി" എന്ന ചൊല്ലിൽ നിന്നുതന്നെ മനസ്സിലാക്കാവുന്നതാണ്. ഒരു അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിന് ദിവസങ്ങളും ആഴ്ചകളും മാസങ്ങളും നീളുന്ന കാലതാമസം, ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ സുതാര്യതയില്ലാത്തതും യജമാനരീതിയിലുള്ളതുമായ സമീപനം, അപേക്ഷകർക്ക് അവരുടെ അവകാശങ്ങളെ കുറിച്ചുള്ള അജ്ഞത, ഇവയെല്ലാം പൗരന്മാരിൽ ഒരുതരം അധികാരമില്ലായ്മയുടെ ബോധം ജനിപ്പിക്കുന്നു.

ഇത്തരം പ്രവണതകൾ അടിസ്ഥാനപരമായിത്തന്നെ മാറേണ്ടത് ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ വളരെ പ്രധാനപ്പെട്ടതാണ്. അറിയാനുള്ള അവകാശം ലഭിച്ചതുപോലെ തന്നെ തനിക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി കിട്ടുക എന്നതും ഒരു പൗരന്റെ അവകാശമാണ്. ഭരണഘടന അവകാശങ്ങൾ നിലനിൽക്കുമ്പോൾ തന്നെ യഥാവിധി നീതി ലഭിക്കുന്നില്ല എന്നത് അവകാശ നിഷേധത്തിന് തുല്യമാണ്. ഇത്തരം യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി തന്നെയാണ് നമ്മുടെ രാജ്യത്തെ 22ലധികം സംസ്ഥാനങ്ങൾ സേവനാവകാശ നിയമങ്ങൾ നടപ്പാക്കിയിട്ടുള്ളത്.

നമ്മുടെ രാജ്യത്ത് ആദ്യമായി അപ്രകാരം ഒരു നിയമം പാസ്സാക്കിയത് 2010ൽ മധ്യപ്രദേശ് ആണ്. നമ്മുടെ സംസ്ഥാനം അങ്ങനെ ഒരു നിയമത്തെ കുറിച്ച് ചിന്തിച്ച് നടപ്പിലാക്കിയത് 2012ലാണ്. നിർഭാഗ്യമെന്നു പറയട്ടെ, ആ നിയമം വെറുമൊരു "കടലാസുപുലി' മാത്രമായിരുന്നുവെങ്കിലും സേവനം സമയബന്ധിതമായി ലഭിക്കേണ്ടത് പൗരന്മാരുടെ അവകാശമാണെന്ന അവബോധം നൽകാൻ ആ

നിയമത്തിനായിട്ടുണ്ട്. മാത്രവുമല്ല 2025ലെ പൊതു സേവനാവകാശനിയമം കൂടുതൽ സമഗ്രമായി പാസ്സാക്കിയെടുക്കുന്നതിൽ ആ നിയമം ഒരു നാഴികക്കല്ലായി വർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2012ലെ സേവനാവകാശ നിയമത്തിലെ കുറവുകൾ, അതായത് പൗരബോധക്കുറവ്, ഡിജിറ്റൽ പരിമിതികൾ, ഫലപ്രാപ്തിയില്ലാത്ത പിഴ വ്യവസ്ഥകൾ, ഉദ്യോഗസ്ഥരുടെ പരിശീലനക്കുറവ് ഇവയെല്ലാം പരിഹരിച്ചാണ് നിലവിലെ നിയമം ജനങ്ങൾക്ക് മുന്നിലെത്തുന്നത്. അതായത് പൊതുസേവനാവകാശം നടപ്പാക്കുന്നത് ഭരണത്തിന്റെ വേഗത വർദ്ധിപ്പിക്കുകയും സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്തം ഉറപ്പുവരുത്തുകയും ചെയ്യും.

## സേവനം സമയബന്ധിതമെന്നത് ഭരണഘടനാധിഷ്ഠിതമാണ്

2025ലെ കേരള പൊതുസേവനാവകാശനിയമം, സേവനം നൽകുക എന്ന ആശയത്തെ ഒരു സാധാരണ നടപടി എന്ന തലത്തിൽ നിന്ന് പൗരന്റെ നിഷ്കർഷിതമായ നിയമാവകാശത്തിലേക്ക് മാറ്റി. മാത്രവുമല്ല അത് ഭരണഘടനയിലെ അടിസ്ഥാനസിദ്ധാന്തങ്ങളെ ആധാരമാക്കിയ ഒരു ജനപക്ഷ നിയമമാണ്. ഒരു ഭരണനിർമ്മാണരേഖ എന്നതിലുപരി ഭരണഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട തത്വങ്ങളുടെ നിർവ്വഹണമാണ് ഈ നിയമം. ഭരണഘടന ഉറപ്പുനൽകുന്ന സമത്വം, തൊഴിൽസ്വാതന്ത്ര്യം, ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള അവകാശം, സാമൂഹ്യനീതി എന്നിവ യാഥാർത്ഥ്യമാകുന്നതിന് ഈ നിയമം കാരണമാകും.

നമ്മുടെ ഭരണഘടനയിലെ പതിനാലാം അനുച്ഛേദം ഉറപ്പുനൽകുന്നതാണ് തുല്യതയ്ക്കുള്ള അവകാശം അഥവാ സമത്വത്തിനുള്ള അവകാശം. പൗരന്മാരെല്ലാം നിയമത്തിന്റെ മുന്നിൽ തുല്യരാണെന്നും അവരെ യാതൊരു വിവേചനവുമില്ലാതെ സമമായി പരിഗണിക്കണമെന്നുമുള്ളതാണ് ഈ അവകാശം കൊണ്ട് അർത്ഥമാക്കുന്നത്. ജനങ്ങൾക്ക് വിവിധ കാര്യങ്ങൾക്കായി സർക്കാർ ഓഫീസുകളെ സമീപിക്കേണ്ടതുണ്ട് എന്നുള്ളത് വാസ്തവമാണ്. സേവന വിതരണത്തിൽ അനർഹമായ പരിഗണനകൾ നൽകുന്നതും അർഹമായ പരിഗണന ലഭിക്കാതെ പോകുന്നതും നീതി നിഷേധം തന്നെയാണ്. ഈ സാഹചര്യം ഭരണഘടന ഉറപ്പുവരുത്തുന്ന സമത്വത്തിനുള്ള അവകാശത്തെത്തന്നെ വികലമാക്കുകയാണ് ചെയ്യുന്നത്. കേരള പൊതുസേവന അവകാശ നിയമം ഇത്തരം പ്രവർത്തികൾക്ക് ഒരു അപവാദമാണ് എന്നത് ഭരണ സംവിധാനത്തോട് ജനങ്ങൾക്കുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുന്നു.

ഭരണഘടനയുടെ അനുച്ഛേദം 19(1)(g) പ്രകാരം എല്ലാ പൗരന്മാർക്കും നിയമപരമായ ഏതു തൊഴിൽ ചെയ്യാനും വ്യവസായം നടത്താനും സ്വാതന്ത്ര്യം ഉണ്ട്. തൊഴിലുടമകൾക്കും വ്യവസായികൾക്കും ലൈസൻസുകൾ, പെർമിറ്റുകൾ, എന്നിവ കൃത്യസമയത്ത് ലഭിക്കാതിരിക്കുക എന്നത് അവരുടെ ഉപജീവനാവകാശത്തേയും സംരംഭങ്ങളേയും നേരിട്ട് ബാധിക്കുന്നു. മാത്രവുമല്ല വ്യവസായ സംരംഭങ്ങളുടെ രജിസ്ട്രേഷൻ കൃത്യമായി ലഭിക്കാത്തതിനാൽ പലപ്പോഴും സംരംഭങ്ങൾ തുടങ്ങുന്നതിൽ കാലതാമസം നേരിടുകയും

**തങ്ങളുടെ അവകാശങ്ങൾ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ, ഭൂമിയുടെ രേഖകൾ, തിരിച്ചറിയൽ രേഖകൾ എന്നിവ കൃത്യ സമയത്ത് ലഭിക്കുന്നില്ല എന്നത് പൗരന്മാരുടെ, ഭരണഘടന ഉറപ്പുനൽകുന്ന മാന്യമായി ജീവിക്കാനുള്ള അവകാശത്തിന്റെ നഗ്നമായ ലംഘനമാണ്. ഇത്തരം അവകാശ ലംഘനങ്ങൾ ജനങ്ങളുടെ ജീവിതനിലവാരം തന്നെ പുറകിലേക്കെത്തിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്.**

തന്മൂലം സംരംഭകൻ കടക്കെണിയിലേക്ക് എത്തുകയും ചെയ്യുന്നു. സേവനങ്ങൾക്ക് കർശനമായ സമയപരിധി നിശ്ചയിക്കുന്നതിലൂടെ വ്യക്തികളുടെ തൊഴിലിനും സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള അവകാശം സംരക്ഷിക്കുകയാണ് ചെയ്യുന്നത്.

ഒരു പൗരന്റെ ഏറ്റവും പ്രധാനപ്പെട്ട അവകാശമാണ് ഭരണഘടനയുടെ അനുച്ഛേദം 21ൽ ഉറപ്പു നൽകുന്ന ജീവിക്കാനുള്ള അവകാശം. ജീവിക്കാനുള്ള അവകാശം എന്നത് കേവലം ജീവൻ നിലനിർത്തുക മാത്രമല്ല, മാനാഭിമാനത്തോടുകൂടി ജീവിക്കുക എന്നതാണ്. തങ്ങളുടെ അവകാശങ്ങൾ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ, ഭൂമിയുടെ രേഖകൾ, തിരിച്ചറിയൽ രേഖകൾ എന്നിവ കൃത്യ സമയത്ത് ലഭിക്കുന്നില്ല എന്നത് പൗരന്മാരുടെ, ഭരണഘടന ഉറപ്പുനൽകുന്ന മാന്യമായി ജീവിക്കാനുള്ള അവകാശത്തിന്റെ നഗ്നമായ ലംഘനമാണ്. ഇത്തരം അവകാശലംഘനങ്ങൾ ജനങ്ങളുടെ ജീവിത നിലവാരം തന്നെ പുറകിലേക്കെത്തിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്.

മൗലികാവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനോടൊപ്പം തന്നെ, നമ്മുടെ ഭരണഘടന, നിയമനിർമ്മാണ സാഹചര്യങ്ങളിൽ, നിയമനിർമ്മാണ സഭ പാലിക്കേണ്ട ചില നിർദ്ദേശങ്ങൾ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. അവയാണ് നമ്മുടെ ഭരണഘടനയിലെ നാലാം ഭാഗത്ത് പറയുന്ന നിർദ്ദേശക തത്വങ്ങൾ.

അവയിൽപ്പെട്ടതാണ് സാമൂഹ്യനീതി ഉറപ്പുവരുത്തുക, ക്ഷേമസംരക്ഷണം ലക്ഷ്യമാക്കുക, സാമൂഹ്യസുരക്ഷ ലഭ്യമാക്കുക എന്നിവ. തത്വത്തിൽ കേരള പൊതു സേവനാവകാശം 2025, നമ്മുടെ ഭരണഘടനാ നിർദ്ദേശങ്ങൾക്ക് പ്രായോഗിക രൂപം നൽകുകയാണ് ചെയ്യുന്നത്.

## സേവനങ്ങളും സർക്കാർ വകുപ്പുകളും

നമ്മുടെ സംസ്ഥാനം 2012ൽ തന്നെ സേവനാവകാശനിയമം പാസാക്കിയിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ നിലവിൽ കേരള നിയമസഭ പാസാക്കിയ പൊതു സേവനാവകാശം എന്നത് എന്തുകൊണ്ടും മികച്ചു നിൽക്കുന്നുണ്ട്. 2012ലെ നിയമം സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിൽ മാത്രം ഊന്നൽ നൽകിയപ്പോൾ 2025ലെ പൊതു സേവന അവകാശനിയമം അതിനോടൊപ്പം തന്നെ സേവനത്തിന്റെ ഗുണനിലവാരവും ഡിജിറ്റൽ സാങ്കേതികതയുടെ ഉപയോഗവും കൊണ്ടുവന്നു. മാത്രവുമല്ല കൃത്യമായി സേവനം നൽകുന്നുണ്ടോ എന്നത് നിരീക്ഷിക്കുന്നതിനായി വ്യവസ്ഥാപിതമായ ഒരു നിരീക്ഷണ സംവിധാനവും 2025ലെ നിയമം ഉറപ്പുവരുത്തുന്നുണ്ട്. മുൻ നിയമം അനുസരിച്ച് സേവനം എന്നത് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സംരംഭങ്ങൾ എന്നിവിടങ്ങളിലേത് മാത്രമായിരുന്നെങ്കിൽ പുതിയ നിയമം വിഭാവനം ചെയ്യുന്നത് അത്തരം സ്ഥാപനങ്ങളെ കൂടാതെ എല്ലാ പൊതു അധികാരികളെയും ഉൾപ്പെടുത്തിയുള്ള സമഗ്രമായ കാഴ്ചപ്പാടാണ്. നിലവിലെ നിയമത്തിൽ പൊതുസേവനം എന്നത് കൂടാതെ പ്രത്യേക പൊതുസേവനങ്ങൾ എന്ന വിഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ നിയമത്തിൽ നിന്ന് വ്യത്യസ്തമായി മനുഷ്യന് കൃത്യമായ സേവന അവകാശനീതി ലഭിക്കുന്നു എന്നതിന് ഉത്തമ ഉദാഹരണമാണ് പൊതുസേവന അധികാരികൾ പ്രത്യേക പൊതുസേവനങ്ങളുടെ കാര്യത്തിൽ അപേക്ഷ ലഭിച്ച് അഞ്ചു ദിവസത്തിനുള്ളിൽ അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കാതിരുന്നാൽ ആ സേവനം നൽകിയതായി കണക്കാക്കപ്പെടും എന്നത്. അതായത് അപേക്ഷ നൽകി അഞ്ചുദിവസത്തിനുള്ളിൽ അപേക്ഷയിൽ തീരുമാനമെടുത്തില്ലെങ്കിൽ ആ അപേക്ഷയിൽ പൗരൻ എന്ത് സേവനമാണോ ആവശ്യപ്പെട്ടിരുന്നത്, അത് നൽകിയതായി കണക്കാക്കപ്പെടുന്നു. ആ കാര്യത്തിനായി അപേക്ഷകൻ തെളിയിക്കേണ്ട ഒരേയൊരു കാര്യം അപേക്ഷ നൽകി അഞ്ചുദിവസം കഴിഞ്ഞു എന്നതാണ്. അതായത് പൊതു അധികാരിക്ക് തന്റെ കർത്തവ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല എന്ന് സാരം.

പൊതുസേവനം എന്നത് സർക്കാരുകൾ നൽകുന്നതോ സർക്കാർ വകുപ്പുകൾ നോട്ടിഫൈ ചെയ്യുന്നതോ ആയ സേവനങ്ങളാണ്. മുൻ നിയമത്തിൽ നിന്നും വ്യത്യസ്തമായി പ്രത്യേക പൊതുസേവനങ്ങൾ എന്നതും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. നിയമം നിലവിൽ വന്ന് ആറ് മാസത്തിനുള്ളിൽത്തന്നെ ഭരണഘടനാപരമായോ പാർലമെന്റിന്റെ നിയമം മൂലമോ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഒരു ഉത്തരവുമൂലമോ നിയമിച്ചിട്ടുള്ള ഒരു പൊതു അധികാരി, അതാത് അധികാരികളുടെ കീഴിൽ ലഭിക്കുന്ന പൊതുസേവനങ്ങൾ, അവ ലഭിക്കുന്നതിനുള്ള സമയക്രമം, സേവനം നൽകേണ്ട അധികാരി, സേവനനിഷേധത്തിനെതിരെ സമീപിക്കേണ്ട അപ്പീൽ അധികാരി എന്നിങ്ങനെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് അവബോധനം നൽകുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഈ നിയമപ്രകാരം ഒരാൾ നൽകുന്ന അപേക്ഷയുടെ സമയക്രമം ആരംഭിക്കുന്നത് യഥാവിധിയുള്ള അപേക്ഷ അധികാരിക്ക് മുന്നിൽ സമർപ്പിക്കപ്പെട്ട ദിവസം മുതൽ തന്നെയാണ്. മാത്രവുമല്ല, അപേക്ഷ നിരസിക്കുന്ന പക്ഷം, വ്യക്തമായ കാരണം അധികാരി രേഖപ്പെടുത്തേണ്ടതുമാണ്. അങ്ങനെ അപേക്ഷ നിരസിച്ച ഉത്തരവിന്മേൽ അപേക്ഷകന് 30 ദിവസത്തിനകം ഒന്നാം അപ്പീൽ നൽകാവുന്നതും, അപ്പീൽ 30 ദിവസത്തിനകം തന്നെ ഒന്നാം അപ്പീൽ അധികാരി തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. പ്രസ്തുത തീർപ്പ് അപേക്ഷകന് അനുകൂലമല്ലാത്തപക്ഷം, ഒന്നാം അപ്പീൽ ഉത്തരവ് മുതൽ 30 ദിവസത്തിനകം രണ്ടാം അപ്പീൽ അധികാരിക്ക് അപ്പീൽ ഫയൽ ചെയ്യാവുന്നതും പ്രസ്തുത അപ്പീലും 30 ദിവസത്തിനകം തന്നെ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

ആധുനിക യുഗം എന്നത് കമ്പ്യൂട്ടറുകളുടെയും ഡിജിറ്റൽ ഉപകരണങ്ങളുടെയും യുഗമാണ്. അതുകൊണ്ടുതന്നെ അപേക്ഷ സമർപ്പണവും സേവന ലഭ്യതയുമെല്ലാം കമ്പ്യൂട്ടർ അധിഷ്ഠിത സാങ്കേതിക വിദ്യയിലൂടെ സമയക്ലിപ്തത ഉറപ്പുവരുത്താൻ പൊതുസേവന അവകാശ നിയമത്തിന് സാധിക്കുന്നുണ്ട്.

നിയമ വ്യവസ്ഥകൾ പൊതു അധികാരികൾ പാലിക്കാതെ വന്നാലുള്ള പരിഹാരവും പ്രത്യാഘാതങ്ങളും ഈ നിയമം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. മുൻ നിയമത്തിൽ നിന്ന് വ്യത്യസ്തമായി നിയമ വ്യവസ്ഥകളുടെ ലംഘകരായ അധികാരികൾക്കുമേൽ ചുമത്താവുന്ന പിഴയുടെ തോത് കൂട്ടിയിട്ടുള്ളതും ഒന്നാം അപ്പലേറ്റ് അധികാരിക്ക് തന്നെ പിഴ ചുമത്താവുന്ന അധികാരം നൽകിയിട്ടുള്ളതും പ്രത്യേകം എടുത്തു പറയത്തക്കതാണ്. 2025ലെ പൊതു സേവന അവകാശം നിലവിൽ വന്നതോടുകൂടി സർക്കാരിന്റെ എല്ലാ വകുപ്പുകളും അവ നൽകുന്ന സേവനങ്ങളും

അതിൻറെ സമയക്രമവും ജനങ്ങൾക്ക് മുന്നിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയത് സംബന്ധിച്ച അവബോധം ജനങ്ങൾക്ക് നൽകേണ്ടതുമാണ്. 2025ലെ പൊതു സേവന അവകാശ നിയമം സ്വയം പര്യാപ്തവും സ്വയം വ്യക്തത നൽകുന്ന തരത്തിലുള്ളതുമാണ്.

പൊതുസേവന അവകാശ നിയമം 2025 എന്നത് ഭരണകൂടം ജനങ്ങളിലേക്ക് അടുക്കുന്നതിന്റെ ഏറ്റവും ശക്തമായ അടയാളങ്ങളിൽ ഒന്നാണ്. ഭരണത്തിന്റെ വേഗതയെ വർധിപ്പിക്കുന്ന എന്നതിലപ്പുറം ഭരണ വ്യവസ്ഥിതിയുടെ സംസ്കാരത്തെ തന്നെ പുനർ നിർവചനം നൽകുകയാണ് ഈ നിയമത്തിന്റെ നിർവഹണത്തിലൂടെ സാധ്യമാക്കുന്നത്. പൗരന്മാർക്ക് അവർക്ക് അർഹമായ സേവനങ്ങൾ വേഗതയോടെ, കൃത്യസമയത്ത് , നിയമപരമായി ലഭ്യമാക്കുക എന്നത് ഒരു നല്ല ഭരണം പ്രവർത്തിക്കുന്ന എന്നതിൻറെ വ്യക്തമായ തെളിവാണ്. സുതാര്യതയും ഉത്തരവാദിത്വവും അടിസ്ഥാനമാക്കി സർക്കാർ സേവനങ്ങളെ ജനജീവിതത്തിൽ ഉൾക്കൊള്ളിക്കാനുള്ള സാഹചര്യം ഈ നിയമം സൃഷ്ടിക്കുന്നു. അതായത് പൗരന്മാർക്ക് സമയബന്ധിതമായി സേവനം ലഭിക്കുക എന്നത് ഇപ്പോൾ വെറുമൊരു പ്രതീക്ഷയല്ല, നിയമപരമായ അവകാശമാണ്.

**ഓർമ്മക്കുറിപ്പ്**



**പാറക്കുഴിയിൽ സുബ്രഹ്മണ്യൻ**

# ഓർമ്മയിലെ സാക്ഷരത പ്രവർത്തനം

**1990**കളിലെ ആദ്യകാലം. ഞാൻ താമസം കരിമ്പുഴ പഞ്ചായത്തിലെ തോട്ടരയിൽ. ജോലി മണ്ണാർക്കാട് താലൂക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ എൽ. ഡി. ഇൻവെസ്റ്റിഗേറ്റർ. സജീവമായി സാക്ഷരതാപ്രവർത്തനം നടത്തിയിരുന്ന കാലം. വൈകുന്നേരങ്ങളിലായിരുന്ന എൻറെ വീട്ടിൽ ഞാൻ നയിച്ചിരുന്ന സാക്ഷരതാക്ലാസ്. പകലന്തിയോളം പണിയെടുത്ത പഠിതാക്കൾ സജീവമായി ക്ലാസിൽ പങ്കെടുക്കും. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി.എ. തങ്ങൾ രാത്രികളിൽ ക്ലാസ് സന്ദർശിക്കാറുണ്ട്. പഠിതാക്കളുടെ പാട്ടും, കൂത്തും ബഹുകേമം.

ഒരിക്കൽ പഠിതാക്കളുമായി ഞാൻ പാലക്കാട് കളക്ടറേറ്റ് സന്ദർശിച്ചു. അന്നത്തെ കളക്ടർ ശ്രീ. ജിജി തോംസൻ സാറുടെ തികഞ്ഞ പ്രോത്സാഹനമുണ്ടായിരുന്നു. പഠിതാക്കൾ ആഹ്ലാദത്തോടെ കലക്ടറുടെ ചേമ്പറിൽ നിരന്നിരുന്നു. കളക്ടർ പഠിതാക്കളുമായി സംസാരിച്ചിരിക്കുന്നതിനിടയിൽ ഫോട്ടോഗ്രാഫറെത്തി. കളക്ടർ സർ പറഞ്ഞു, ഇന്ന് ഫോട്ടോ എടുക്കാം... ഇനി നിങ്ങൾ വരുമ്പോൾ സിനിമ എടുക്കാം. ആവേശത്തോടെ മലമ്പുഴയും സന്ദർശിച്ചാണ് ഞങ്ങൾ വീട്ടിലെത്തിയത്.

അടുത്ത ദിവസത്തെ പത്രങ്ങളിൽ സചിത്രവാർത്ത വാർത്ത വന്നു. "വില്ലേജ് ഓഫിസ് കാണാത്തവർ കളക്ടറേറ്റിൽ" എന്ന തലക്കെട്ടോടുകൂടി.

കവിത



ഡോ. ലാൽമോഹൻ പി

# സ്വയം ഇസ്തിരിയിട്ടാൽ ചുളിവ് മാറാത്ത വസ്തുങ്ങൾ

ഇസ്തിരിയിടുന്നത്
ഒരു കനലിന്റെ
കണക്കിലാണ്.
കാറ്റേറ്റ് കനക്കും, കനൽ.

ചുളിയാത്ത
നിവർത്തിയിട്ടാൽ
വേണ്ടിടം മാത്രം
മടക്കുമുടൽമൂടൽ.

അതെരിക്കില–
ക്കനൽപോലെ
എരിഞ്ഞുനിൽക്കു–
മുടലാകെ മിന്നും.

തോലോട്ടുതോൽ
അടച്ചുറപ്പിച്ച്
ഇസ്തിരിപ്പിടി
നീറിപ്പിടിക്കുന്നു.

ഇരുന്നും നിവർന്നും
നടന്നും ഉഴച്ചുമുരുണ്ടും
മറിമറിഞ്ഞാലും
മാറാതുടലിസ്തിരി

പൊതിഞ്ഞുപൊതിഞ്ഞ്
തേച്ചിടീച്ച്
ഉടലുമുടയാടയും
ഉടയാതിടയാതത്രയും.
ഗൗരീശപട്ടത്ത്
പാതിരയിലും
ചൂടുപോകാതെ
കനലിട്ട കടയിൽ.

അടിയന്തരാവശ്യം
ഒരുടുപ്പ് തേയ്ക്കണം,
കനലേറെ വേണ്ടാ
നേർമയിലീറൻ പോൽ.

പെട്ടിക്കടിയിൽ
വെള്ളം കുടഞ്ഞ്
നേർത്ത ചൂടിൽ
അമർത്തിത്തേച്ച്.

ചില്ലറയായൊന്നും
ബാക്കിയില്ലാത്ത
രാത്രിയിൽ ഫോണിൽ
പണമയയ്ക്കും നരം.

കണ്ടുണ്ടെട്ടും പേരിൻ
പെരുമാൾപോലും; ഉടൽ
അപ്പോൾ തച്ചുതേച്ചപോൽ
കത്തുമീപ്പേരിന്നുടയോൻ –
ചുടല – അടയ്ക്കാത്ത
കടയോൻ, വരാമെപ്പോഴും.



വിദ്യാഭ്യാസം നേടുക എന്നത് ഓരോ മനുഷ്യന്റെയും അവകാശമാണ്. എന്നാൽ ശാരീരിക പരിമിതികളും ആരോഗ്യപ്രശ്നങ്ങളും സാമൂഹിക-ജീവിത സാഹചര്യങ്ങളും കാരണം പലർക്കും ആ അവകാശം നിഷേധിക്കപ്പെടാറുണ്ട്. അത്തരം അതിരുകളെ വെല്ലുവിളിച്ചുകൊണ്ട് "എനിക്കും പഠിക്കണം" എന്ന ആത്മവിശ്വാസത്തോടെ മുന്നേറുന്ന മനുഷ്യരുടെ ജീവിതയാത്രകളാണ് ഈ കവർസ്റ്റോറിയിലൂടെ അക്ഷരകൈരളി വായനക്കാർക്കു മുന്നിൽ തുറന്നു വെക്കുന്നത്.
കേരള സംസ്ഥാന സാക്ഷരതാമിഷന്റെ പത്താംതരം തുല്യതാപരീക്ഷ വീട്ടിലിരുന്ന് എഴുതാനുള്ള അവകാശം നേടിയെടുത്ത് സ്വന്തം സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകിയ അനീഷയുടെയും, സാക്ഷരതാമിഷന്റെ ദീപ്തി ബ്രെയിലി സാക്ഷരതാപദ്ധതിയിലൂടെ ജീവിതത്തിന് പുതുവെളിച്ചം കണ്ടെത്തിയ രാജാമണിയുടെയും അനുഭവങ്ങൾ നമ്മോട് പറയുന്നത് പഠിക്കാനുള്ള ആഗ്രഹത്തിന് മുന്നിൽ പരിമിതികൾ ഒരിക്കലും വഴിമുടക്കാകില്ല എന്നാണ്. കേരള സംസ്ഥാന സാക്ഷരതാമിഷൻ നടപ്പാക്കുന്ന പദ്ധതികൾ എങ്ങനെ മനുഷ്യരുടെ ജീവിതത്തിൽ യഥാർത്ഥ മാറ്റങ്ങളായി മാറുന്നു എന്നതിന്റെ സാക്ഷ്യങ്ങളാണ് ഈ രണ്ട് ജീവിതകഥകളും.

# എന്റെ പഠനയാത്ര: അനുമതിയുടെ അതിർവരമ്പുകൾക്കപ്പുറം അവകാശത്തിനായുള്ള പോരാട്ടം



"വീട്ടിലിരുന്ന് തന്നെ പരീക്ഷ എഴുതാനുള്ള അനുമതി" — ഈ വാചകം എനിക്ക് ഒരു ഉത്തരവിനേക്കാൾ വലിയ അർത്ഥമാണ് നൽകുന്നത്. അത് ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരവും, ഒരുപാട് നാളുകളായി ഉള്ളിൽ കത്തിക്കൊണ്ടിരുന്ന എന്റെ ആഗ്രഹത്തിന്റെ വിജയവുമാണ്. ഏകദേശം ഒന്നര വർഷത്തോളം നീണ്ടുനിന്ന പരിശ്രമങ്ങളുടെയും പ്രതീക്ഷകളുടെയും ആശങ്കകളുടെയും ഒടുവിലാണ് ആ അനുമതി എനിക്ക് ലഭിച്ചത്.

ആ യാത്ര എളുപ്പമായിരുന്നില്ല. തഹസിൽദാരുടെ ഓഫീസിൽ അപേക്ഷ നൽകുന്നതിൽ നിന്ന് തുടങ്ങി, വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിരന്തരമായി ശ്രമങ്ങൾ നടത്തി. ജില്ലാതല യോഗത്തിൽ നേരിട്ട് പങ്കെടുത്ത് മുഖ്യമന്ത്രിയോട് വരെ എന്റെ അവസ്ഥ വിശദീകരിച്ചു. വിദ്യാഭ്യാസവകുപ്പ്, വിദ്യാഭ്യാസമന്ത്രി എന്നിവർക്കുൾപ്പെടെ ബന്ധപ്പെട്ട എല്ലാവർക്കും പരാതികളും അപേക്ഷകളും നൽകി. എന്നാൽ, പരീക്ഷയ്ക്ക് ഒന്നര ദിവസം മാത്രം ബാക്കിയിരിക്കെയാണ് ആ ഉത്തരവ് ലഭിച്ചത്. അതുവരെ ഉള്ള ഓരോ ദിവസവും അത്യന്തം മാനസിക സമ്മർദ്ദം നിറഞ്ഞതായിരുന്നു. സമാധാനത്തോടെ ഇരുന്ന് പഠിക്കാൻ പോലും കഴിയാതെ, "ഇത് നടക്കുമോ?" എന്ന ചോദ്യം എപ്പോഴും മനസ്സിനെ പിടിച്ചുലച്ചുകൊണ്ടിരുന്നു.

'അഞ്ചാം ക്ലാസ് വരെ മാത്രമാണ് ഞാൻ സ്കൂളിൽ പോയി പഠിച്ചത്. ആറാം ക്ലാസ്സിൽ ജയിച്ചെങ്കിലും, അന്നത്തെ സാഹചര്യങ്ങൾ പഠനം തുടരാൻ അനുവദിച്ചില്ല. അന്നത്തെ സ്കൂളുകൾ ഒരിക്കലും ശാരീരിക പരിമിതികൾ ഉള്ളവരെ പിന്തുണയ്ക്കുന്ന തരത്തിലുള്ളവ ആയിരുന്നില്ല . അതുകൊണ്ടുതന്നെ പഠനം മുടങ്ങിപ്പോയി. എന്റെ പഠനയാത്ര വീണ്ടും ആരംഭിച്ചത് 2024 മെയ് ഒന്നിനാണ്.

മൈൻഡ് ട്രസ്റ്റ്' എന്ന ട്രസ്റ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന 'മൊബിലിറ്റി ഇൻ ഡിസ്ട്രോഫി സംഘടനയിലൂടെയാണ് ഈ അവസരം എനിക്ക് ലഭിച്ചത്. മസ്കുലർ ഡിസ്ട്രോഫി, എസ്.എം.എ. തുടങ്ങിയ അവസ്ഥകൾ ഉള്ള ഏകദേശം 700–ലധികം അംഗങ്ങളുള്ള ഒരു കൂട്ടായ്മയാണ് അത്. അവിടെയുള്ള നിരവധി പദ്ധതികളിൽ ഒന്നാണ് വിദ്യാഭ്യാസം മുടങ്ങിപ്പോയവർക്കും പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും പിന്തുണ നൽകുന്ന പദ്ധതി. അതിലൂടെയാണ് കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാപരീക്ഷയെക്കുറിച്ച് ഞാൻ ആദ്യമായി അറിയുന്നത്. മൈൻഡ് ട്രസ്റ്റിൽ ചേർന്നതിന് ശേഷമാണ് അധ്യാപകരുടെ നിർദേശപ്രകാരം ഏഴാം ക്ലാസ് തുല്യതാപരീക്ഷയ്ക്കായി ഓൺലൈൻ ക്ലാസുകൾ തുടങ്ങുന്നത്. വീട്ടിലിരുന്ന് തന്നെ പരീക്ഷ എഴുതാൻ അവസരം ലഭിച്ചു. പിന്നീട് പത്താം ക്ലാസ് തുല്യതയ്ക്കും യോഗ്യതയുള്ള അധ്യാപകർ മികച്ച പിന്തുണ നൽകി.

ഈ ഒന്നര വർഷത്തെ പഠനകാലം എനിക്ക് ശാരീരികമായും മാനസികമായും വലിയ വെല്ലുവിളിയായിരുന്നു. ഓരോ ദിവസം കൂടുതൽ കൂടുതൽ മോശമാകുന്ന രോഗാവസ്ഥയാണ് എന്റേത്. ദീർഘസമയം എഴുതുമ്പോൾ കൈകൾക്ക് ശക്തമായ വേദനയും ക്ഷീണവും അനുഭവപ്പെടും. എന്നിരുന്നാലും, ഒൻപത് വിഷയങ്ങൾക്കായി നോട്ട്സ് തയ്യാറാക്കാനും പഠനത്തിന് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താനും ഞാൻ പരമാവധി ശ്രമിച്ചു. വർഷങ്ങളായി ഉള്ളിൽ സൂക്ഷിച്ചിരുന്ന "പഠിക്കണം" എന്ന ആഗ്രഹം സഫലമാക്കണമെന്ന ദൃഢനിശ്ചയം മാത്രമാണ് എനിക്ക് മുന്നോട്ട് പോകാനുള്ള ശക്തി നൽകിയത്.

എന്നാൽ ഇത്രയൊക്കെ കഷ്ടപ്പെട്ട് പഠിച്ചത് ഒടുവിൽ വെറുതെയാകുമോ എന്ന ഭയം എന്നെ പലപ്പോഴും അലട്ടിയിരുന്നു. "വീട്ടിലിരുന്ന് പരീക്ഷ എഴുതാനുള്ള അനുമതി ഒരിക്കലും കിട്ടില്ല." എന്ന തരത്തിലുള്ള നിരുത്സാഹപ്പെടുത്തലുകൾ ഏറെ കേൾക്കേണ്ടിവന്നു. പക്ഷെ അതൊന്നും മുന്നോട്ടുപോകാനുള്ള എന്റെ തീരുമാനത്തിന് തെല്ലും മാറ്റം വരുത്തിയില്ല. പരീക്ഷാകേന്ദ്രത്തിലെത്തി ദീർഘസമയം ഇരുന്ന് പരീക്ഷ എഴുതുക എന്നത് എനിക്ക് അത്യന്തം ദുഷ്കരമായ കാര്യമാണ്. വീട്ടിലെ സൗകര്യങ്ങളിൽ നിന്ന് മാറി മറ്റൊരു സ്ഥലത്ത് ഇരിക്കുന്നത് പോലും വലിയ ബുദ്ധിമുട്ടാണ്. അവസാനം, ആ അനുമതി ലഭിച്ച നിമിഷം... എനിക്ക് അത് ഒരു ലോകം കീഴടക്കിയ സന്തോഷം പോലെയായിരുന്നു.

പരീക്ഷകൾ നന്നായി തന്നെ എഴുതാൻ സാധിച്ചു. ഗണിതശാസ്ത്രം അല്പം കഠിനമായിരുന്നെങ്കിലും മറ്റ് വിഷയങ്ങൾ എന്നാൽ കഴിയും വിധം മികച്ച രീതിയിൽ ഞാൻ എഴുതിയിട്ടുണ്ട്.



**അനീഷ മാതാപിതാക്കളായ ഫാത്തിമയ്ക്കും അഷ്റഫിനുമൊപ്പം**

ഇതെല്ലാം സാധ്യമായത് അനേകം ആളുകളുടെ പിന്തുണ കൊണ്ടാണ്. കേരള സംസ്ഥാന സാക്ഷരതാമിഷൻ, പൊതുവിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതിവകുപ്പ് എന്നിവിടങ്ങളിൽ നിന്നെല്ലാം എനിക്ക് വളരെ അനുകൂലമായ പിന്തുണ ലഭിച്ചു. ഈ വലിയ ആഗ്രഹം സഫലമാക്കാൻ സഹായിച്ച എല്ലാവരോടും എനിക്ക് തീരാത്ത നന്ദിയും കടപ്പാടുമുണ്ട്. ഇത് എന്റെ വ്യക്തിപരമായ ആവശ്യമായി മാത്രമല്ല ഞാൻ കണ്ടത്. പഠിക്കാൻ ആഗ്രഹമുണ്ടായിട്ടും ശാരീരിക ബുദ്ധിമുട്ടുകളോ കുടുംബ പിന്തുണയില്ലായ്മയോ കാരണം പിന്നോട്ട് നിൽക്കുന്ന അനേകം പേർ നമ്മുടെ സമൂഹത്തിലുണ്ട്. അവർക്കെല്ലാം ഇത് ഒരു പ്രചോദനമാകണം എന്ന ആഗ്രഹവും എന്റെ പോരാട്ടത്തിന് പിന്നിലുണ്ടായിരുന്നു. വിദ്യാഭ്യാസം എല്ലാവരുടെയും അവകാശമാണ്. ശാരീരിക പരിമിതികളോ സാമൂഹിക സാഹചര്യങ്ങളോ കാരണം ആ അവകാശം ആർക്കും നഷ്ടപ്പെടരുത്. എന്റെ ഈ യാത്ര സ്വന്തം പരിമിതികളെ മറികടന്നു മുന്നേറാനാഗ്രഹിക്കുന്ന ഓരോരുത്തർക്കും പ്രചോദന മാകട്ടെ, പ്രതീക്ഷയാകട്ടെ.

# അക്ഷര'ദീപ്തി'യിൽ തെളിയുന്ന ഉൾക്കാഴ്ച :

## ദീപ്തി ബ്രെയിലി പഠിതാവ് രാജാമണിയുടെ ജീവിതകഥ



ജീവിതം മുന്നോട്ടുവെയ്ക്കുന്ന വെല്ലുവിളികളോട് പൊരുതി അതിജീവനത്തിന്റെ പുതുവാതായനങ്ങൾ സ്വയം കണ്ടെത്തിയ കഥയാണ് ദീപ്തി ബ്രെയിലി സാക്ഷരതാപദ്ധതി പഠിതാവ് രാജാമണിക്ക് പറയാനുള്ളത്. കുടുംബ ബാധ്യതകളും ആരോഗ്യ പരമായ പരിമിതികളും കാരണം ഒരുകാലത്ത് പഠനം നിർത്തേണ്ടി വന്നെങ്കിലും പാലക്കാട് ജില്ല യിലെ പെരിങ്ങോട് സ്വദേശിയായ രാജാമണിക്ക് പഠനത്തോടുള്ള അഭിനിവേശത്തിന് തെല്ലും കുറവ് വന്നിരുന്നില്ല. അൻപതുകാരനായ രാജാമണിക്ക് തന്റെ അഭിലാഷപൂർത്തീകരണത്തിനുള്ള വഴികൾ തുറന്നു കൊടുത്തതാകട്ടെ കേരള സംസ്ഥാന സാക്ഷരതാമിഷന്റെ ദീപ്തി ബ്രെയിലി സാക്ഷരതാപദ്ധതിയും. നിലവിൽ പത്താംതരം തുല്യത വിജയിച്ച ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹം തുടർപഠനത്തിലൂടെ ഒരു തൊഴിൽ കണ്ടെത്തുക എന്നതാണ്.

കാഴ്ചപരിമിതർക്ക് വേണ്ടി കോങ്ങാട് കടംപടിപ്പുറം പ്രദേശത്ത് പ്രവർത്തിക്കുന്ന 'വർക്കിംഗ് കൗൺസിൽ ഫോർ വിഷ്വലി ഹാൻഡിക്യാപ്പ്ഡ്' എന്ന സ്ഥാപനത്തിലെ ജീവനക്കാരനായിരുന്നു രാജാമണി. 25 ഓളം പേർ താമസിക്കുകയും തൊഴിൽപരിശീലനം നേടുകയും ചെയ്യുന്ന ഈ കേന്ദ്രത്തിൽ, ശമ്പളമില്ലാത്ത സേവനമാണ് ഇദ്ദേഹം നൽകിയിരുന്നത്. സ്ഥാപനത്തിലെ താമസക്കാർക്ക് ആവശ്യമായ സഹായങ്ങൾ, ഓഫീസ് ജോലികൾ, പുറംകാര്യങ്ങൾ എന്നിവയെല്ലാം നിറമനസ്സോടെ, ഒട്ടും മടി കൂടാതെയാണ് അദ്ദേഹം ചെയ്തു പോന്നിരുന്നത്. നെയ്ത്ത്നൂൽ നിർമ്മാണം, ബുക്ക് ബൈൻഡിംഗ്, നോട്ട്ബുക്ക് നിർമ്മാണം തുടങ്ങിയ വിവിധ തൊഴിൽ പരിശീലനങ്ങളാണ് ഈ കേന്ദ്രത്തിൽ നൽകുന്നത്. അവയിൽ ചിലത് രാജമണിയും പഠിച്ചു. തുടർച്ചയായി നടത്താൻ സാധിക്കാതിരുന്നെങ്കിലും,

പഠനം തന്നെയാണ് തന്റെ ജീവിതത്തിൽ മാറ്റമുണ്ടാക്കുക എന്ന ബോധം അദ്ദേഹത്തിൽ ശക്തമായിരുന്നു. അതിനാൽ തന്നെ പാലക്കാട് ജില്ലയിലെ സാക്ഷരതാപ്രവർത്തകർ മുഖാന്തരം ബ്രെയിൽ പഠിക്കാനുള്ള അവസരം ലഭിച്ചപ്പോൾ രാജാമണിക്ക് അതൊരു വലിയ വഴിത്തിരിവായി. ആദ്യം തന്നെ പരിചിതമായ കേന്ദ്രത്തിലൂടെ ബ്ലോക്ക് തലത്തിൽ പരിശീലനം ആരംഭിച്ചു. പിന്നീട്, കോങ്ങാട് സ്വദേശിനിയായ മറ്റൊരു വിദ്യാർത്ഥിനിയോടൊപ്പം ജില്ലാതല പരിശീലനത്തിനായി പാലക്കാട്ടേക്ക് പോയി. പരിശീലനം പൂർത്തിയാക്കി പാലക്കാട് വെച്ച് തന്നെയാണ് രാജാമണി പത്താംതരം തുല്യതാപരീക്ഷ എഴുതുന്നത്. പത്താംതരം സർട്ടിഫിക്കറ്റ് കയ്യിൽ കിട്ടിയ സന്തോഷത്തിന് ഇരട്ടിമധുരം പകരാനെന്നവണ്ണം മറ്റൊരു വലിയ അവസരം കൂടി ഉടനെ രാജമണിയെ തേടിയെത്തി. തിരുവനന്തപുരം നഗരത്തിൽ ഒരു മാസത്തെ പ്രത്യേക തൊഴിൽപരിശീലനം നടക്കുന്നതായി പാലക്കാട് ജില്ലാപ്രവർത്തകരിൽ നിന്നും അദ്ദേഹം അറിഞ്ഞു. പാലക്കാട് ജില്ലയിൽ നിന്ന് മൂന്ന് പേർക്കാണ് അവസരം ലഭിച്ചത്, അതിൽ ഒരാളായി രാജമണി തിരഞ്ഞെടുക്കപ്പെട്ടു.

കേരള സംസ്ഥാന സാക്ഷരതാമിഷനും, കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡും , അസാപ് കേരളയും സംയുക്ത സഹകരണത്തോടെ സംഘടിപ്പിച്ച 'കസ്റ്റമർ കെയർ എക്സിക്യൂട്ടീവ് & ഐ ടി' തൊഴിൽ പരിശീലനത്തിൽ വിവിധ ജില്ലകളിൽ നിന്നുള്ള 15 പഠിതാക്കളാണ് ഒരുമിച്ച് പങ്കെടുത്തത്. പഠിതാക്കളിലെ വയസ്സിൽ മുതിർന്നയാളായിരുന്നെങ്കിലും, അത് ഒരിക്കലും സുഹൃദ്ബന്ധങ്ങൾക്ക് തടസ്സമായില്ല. സഹപാഠികളെ അവശ്യസാധനങ്ങൾ വാങ്ങാൻ കൂട്ടിക്കൊണ്ടുപോകൽ മുതൽ ആശുപത്രി, ബാങ്ക്, ക്ഷേത്രസന്ദർശനം വരെ എല്ലാറ്റിനും അദ്ദേഹം സഹായിയായി. മറ്റുള്ളവരെ സഹായിക്കുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തുന്നത് ശീലമായതിനാലാവാം ഇത്തരം സഹായ പ്രവർത്തനങ്ങളിൽ അദ്ദേഹം കണ്ടെത്തിയ സന്തോഷം വളരെ വലുതാണ്. പരിശീലനകാലത്ത് രൂപപ്പെട്ട സൗഹൃദങ്ങൾ ഇന്നും നിലനിൽക്കുന്നു. വിവിധ ജില്ലകളിൽ നിന്നെത്തിയ പഠിതാക്കളുമായി ഫോൺവിളികളിലൂടെയും സന്ദേശങ്ങളിലൂടെയും ബന്ധം തുടരുന്നു. പരസ്പര വിശ്വാസവും സഹകരണവുമാണ് ആ കൂട്ടായ്മയുടെ പ്രത്യേകതയെന്ന് രാജാമണി ഓർമിപ്പിക്കുന്നു. ഒരു പരാതിയുമില്ലാതെ, പരസ്പരം പിന്തുണച്ചുകൊണ്ട് ആ ഒരു മാസം കടന്നുപോയത് എല്ലാവർക്കും നല്ല ഓർമ്മകളായി.

ജന്മനാ ഒരു കണ്ണിനു തീരെ കാഴ്ചയില്ലാത്ത രാജാമണി, മറ്റേ കണ്ണിന്റെ പരിമിതമായ കാഴ്ചയിലൂടെയാണ് ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്. നേരമൊരല്പം ഇരുട്ടിത്തുടങ്ങിയാൽ റോഡ് മുറിച്ചുകടക്കൽ പോലുള്ള കാര്യങ്ങൾ ഇന്നും അദ്ദേഹത്തിന് വലിയ വെല്ലുവിളിയാണ്. എങ്കിലും, ഇത്രയെങ്കിലും കാഴ്ച ലഭിച്ചത് ഭാഗ്യമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. കഴിഞ്ഞ മുപ്പത് വർഷത്തിനിടെ നിരവധി ഇന്റർവ്യൂകൾക്ക് വിളിക്കപ്പെട്ടെങ്കിലും, കാഴ്ചക്കുറവ് കാരണം ജോലി നിഷേധിക്കപ്പെടുകയായിരുന്നു. തൊഴിൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടും, ഓരോ അവസരവും അവസാനിക്കുന്നത് അതേ കാരണത്തിലാണ്. തറവാട്ടുവീട്ടിൽ രാജാമണിയും ഭാര്യയും മാത്രമാണ് ഇന്നുള്ളത്. വീടിനടുത്തുള്ള ക്ഷേത്രത്തിൽ തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്യുന്ന അദ്ദേഹത്തിന്റെ ഭാര്യക്ക്, തന്റെ ജോലി ശമ്പളത്തിനുള്ള ഉപാധി എന്നതിൽ കവിഞ്ഞ് സേവനമാണ്. അപ്പോഴും ജീവിതച്ചെലവുകൾ ഇരുവർക്കും മുന്നിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. എങ്കിലും, പഠനത്തിലൂടെ തന്റെ ജീവിതമാർഗ്ഗം സ്വയം കണ്ടെത്താമെന്ന രാജാമണിയുടെ ആത്മവിശ്വാസം അവരുടെ ജീവിതത്തിന് പ്രത്യാശയുടെ വെളിച്ചം നൽകുന്നു.

ജീവിതത്തിലെ പരിമിതികളെ ഒരിക്കലും വഴിമുടക്കായി കാണാതെ, പഠനത്തിലൂടെയും സേവനത്തിലൂടെയും മുന്നേറുന്ന രാജമണിയുടെ കഥ, ദീപ്തി സാക്ഷരതാപദ്ധതിയുടെ ആത്മാവിനെ തന്നെ പ്രതിഫലിപ്പിക്കുന്നതാണ്. പഠിക്കാനുള്ള ആഗ്രഹം ഉള്ളിടത്ത്, വയസ്സോ അവസ്ഥകളോ ഒരിക്കലും തടസ്സമാകില്ല എന്ന സന്ദേശം നൽകിക്കൊണ്ട് ആ ജീവിതയാത്ര ഇന്നും തുടരുകയാണ്.

കഥ



ഭാഗ്യരാജ് വി ബി

# മൈനകൾ പറഞ്ഞത്

മുറ്റമാകെ മീനമാസവെയിലിൽ കുളിച്ചു നിൽക്കുകയാണ്. ഉച്ചനേരത്ത് ആകെയൊരു വിരസത അനുഭവപ്പെടാൻ തുടങ്ങിയപ്പോഴാണ് മുറിയിൽ നിന്ന് മുറ്റത്തേക്ക് ഗംഗാധർ ഇറങ്ങിയത്. അത് അദ്ദേഹത്തിന്റെ ശീലമാണ്. ആ മുറ്റത്തിനും, അവിടെ പടർന്നു പിടിച്ചു നിൽക്കുന്ന ചെടികൾക്കും വൃക്ഷങ്ങൾക്കും അയാളിലെ വിരസതയകറ്റാൻ ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. ഗംഗാധറിന് മാത്രമല്ല അങ്ങനെ തോന്നിയിട്ടുള്ളത്. പലരും അങ്ങനെ അഭിപ്രായപ്പെട്ടിട്ടുണ്ട്. പടർന്നു പന്തലിച്ചു നിൽക്കുന്ന വൃക്ഷങ്ങൾക്കിടയിലൂടെ പ്രകാശം എത്തിനോക്കുന്നു. അവ സൃഷ്ടിച്ച നിഴലിനും പ്രകാശത്തിനും മീതെ അയാൾ അലസമായി നടന്നു. അപ്പോഴാണ് മുറ്റത്തിന്റെ വടക്കായി പടർന്നു പന്തലിച്ചു നിൽക്കുന്ന പ്ലാവിലേക്ക് എന്തെന്നില്ലാത്തൊരാകർഷണം അയാൾക്ക് തോന്നിയത്. അയാൾ അതിനടുത്തേക്ക് പയ്യെ നടന്നു. അത് ആര് വെച്ചെന്നോ, ഏത് നൂറ്റാണ്ടിലാണ് മുറ്റത്തിടം പിടിച്ചതെന്നോ അയാൾക്കൊരു എത്തും പിടിയുമില്ലായിരുന്നു. ഗംഗാധർ വളരെ പ്രായമേറിയ പലരോടും അതേപ്പറ്റി ചോദിച്ചറിയാൻ ശ്രമിച്ചെങ്കിലും ആരിൽ നിന്നും ശരിയായ മറുപടി ലഭിച്ചില്ല. എല്ലാവരും പറഞ്ഞത് ഊഹാപോഹങ്ങൾ മാത്രം. ഗംഗാധറിന് ഒന്നുമാത്രമറിയാം; നല്ല വരിക്ക ചക്കയും തണലുമേകി നിൽക്കുന്ന ആ പ്ലാവിന് നൂറു വർഷത്തിലേറെ പഴക്കമുണ്ട്. തലമുറകൾ ബാല്യവും കൗമാരവും യൗവ്വനവും പിന്നിടുന്നതും വാർദ്ധക്യത്തിൽ മണ്ണിലേക്ക് ലയിച്ചു ചേരുന്നതിനും സാക്ഷിയായിട്ടുള്ള ഈ മഹാവൃക്ഷത്തിന്റെ ഇലകോട്ടി കഞ്ഞിയും



പായസവും എത്രയേറെപ്പേർ കുടിച്ചിട്ടുണ്ടാകണം. അങ്ങനെ പലവിധ ചിന്തകൾ ഗംഗാധരിന്റെ മനസ്സിലൂടെ കടന്നുപോയി. ഒരു നിമിഷം അയാളിൽ നിശബ്ദത പടർന്നു പിടിച്ചു. കുറച്ചു സമയം നിശബ്ദനായി നിന്ന ശേഷം വാർദ്ധക്യം പടർന്നു പിടിച്ചു തുടങ്ങിയ തന്റെ വലതുകരം കൊണ്ട് ആ മഹാവൃക്ഷത്തെ തലോടിക്കൊണ്ട് അയാൾ മന്ത്രിച്ചു: 'പ്രീയപ്പെട്ട പ്ലാവേ നിന്നെ ഞാൻ മുറിവേൽപ്പിക്കില്ല'.

അപ്പോൾ അതെല്ലാം കണ്ടു കൊണ്ട് പ്ലാവിന്റെ വടക്കേ തലപ്പിൽ രണ്ടു മൈനകൾ ഇരിപ്പുണ്ടായിരുന്നു. ആ പക്ഷികൾ ഗംഗാധരിന്റെ മനസ്സ് വായിച്ചെടുത്തിട്ടെന്ന വണ്ണം ഉച്ചത്തിൽ ചിലച്ചു. "നന്ദി സോദരാ" -യെന്നാണ് ആ പക്ഷികളുടെ ചുണ്ടിൽ നിന്നുതിർന്ന ശബ്ദത്തിന്റെ തിരയിളക്കമെന്ന് അയാൾക്ക് തോന്നി. അപ്പോഴേക്കും ഉച്ചച്ചൂടിന്റെ കാഠിന്യം കുറഞ്ഞു തുടങ്ങിയിരുന്നു. അയാൾ ആ മഹാവൃക്ഷച്ചുവട്ടിൽ നിന്നും പതുക്കെ വീടിനുള്ളിലേക്ക് നടന്നു.

---

കവിത



മോഹൻദാസ് കെ

# പ്രണയ ബാക്കി



വെള്ളിടി വെട്ടി പിളർന്നുപോയ
സ്വപ്നങ്ങളുടെ ഇറമ്പിലൂടെ
നിന്റെ കരിമിഴി
പുഴയായൊഴുകുന്നുണ്ട്,
അതിൽ മോഹങ്ങൾ
മുങ്ങിപ്പൊങ്ങിപ്പോകുന്നുണ്ട്.
സായാഹ്നങ്ങൾ മടിത്തട്ടിൽ
കിടത്തി താലോലിച്ച
ചികുര ശോഭയിൽ
ഓർമകൾ പ്രകാശിക്കുന്നുണ്ട്.
വഴി മറന്നുപോയ പ്രണയം
നെഞ്ചു പൊട്ടി അലമുറയിടുമ്പോൾ
മണ്ണടരിൽ നിന്ന് അറിയാത്ത
ഭാഷയിൽ പ്രതിധ്വനികൾ.

ജലസ്പർശമില്ലാത്ത
താഴ് വരകളിൽ അന്ന് വീണ
കണ്ണീരിന്റെ പാടുകൾ
നിസ്സഹായമായി ആരെയോ
പ്രതീക്ഷിക്കുകയാണ്.
പ്രകാശം മങ്ങിയ പ്രതീക്ഷകൾ
ഒരിക്കലും ഉണരാത്ത
നിദ്രയിലേക്ക് പിടഞ്ഞുവീണ
നിന്നെ നിലാവിന്റെ
പൂമുഖത്തേക്ക്
കൊണ്ടുവരാൻ ഇപ്പോഴും
കദനപ്പുഴയിലൂടെ
തോണി തുഴയുകയാണ്.

പെൺപടവ്



ആരതി രാജൻ

# എഴുതപ്പെടാത്ത സമരം, തിരുത്തപ്പെടുന്ന ചരിത്രം






'പഠിക്കാൻ പോകണം എന്ന് പറയുമ്പോൾ വലിയ ബുദ്ധിമുട്ടാണ് വീട്ടുകാരന്. ആഴ്ചയിൽ ആകെ ഒരു ഞായറാഴ്ച കിട്ടുമ്പോ ഇങ്ങനെ ഇറങ്ങി പോയാൽ വീട്ടിലെ കാര്യം ആര് വന്നു നോക്കും എന്നാണ് ചോദ്യം. ആദ്യമൊക്കെ എന്ത് ചെയ്യും എന്ന് ആലോചിക്കുമായിരുന്നു. ഇപ്പോ പിന്നെ കാര്യമാക്കാറില്ല' ഇത് പറയുമ്പോൾ പത്തനംതിട്ടയിലെ വീട്ടമ്മയായ തുല്യതാപഠിതാവിന്റെ മുഖത്തു വിരിയുന്ന പുഞ്ചിരിയിൽ ആത്മ വിശ്വാസത്തിന്റെ തിളക്കമുണ്ട്. 2025 നവംബർ 8 മുതൽ 18 വരെ കേരളത്തിലെ വിവിധ ജില്ലാകേന്ദ്രങ്ങളിലായി നടന്ന പത്താംതരം തുല്യതാപരീക്ഷയിൽ പങ്കാളികളായവരിൽ ഏറെയും സ്ത്രീകളാണ്. ഇവരിൽ വീട്ടമ്മമാർ, തൊഴിലുറപ്പ് പ്രവർത്തകർ, ഹരിതകർമ്മസേന പ്രവർത്തകർ, തയ്യൽ തൊഴിലാളികൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ പെടുന്ന സ്ത്രീകളുണ്ടെന്നത് ഏറെ അഭിമാനകരമായ വസ്തുതയാണ്. പഠിതാക്കളിൽ ഏറെയും പഠിക്കാൻ ആഗ്രഹം ഉണ്ടായിരുന്നിട്ടും ജീവിതസാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പഠനം ഉപേക്ഷിച്ചവരാണ്. സാക്ഷരതാമിഷന്റെ തുല്യതാ കോഴ്സിലൂടെ മുറിഞ്ഞുപോയ സ്വപ്നങ്ങൾ കൂട്ടിച്ചേർക്കാനുള്ള ഒരുക്കത്തിലാണിവർ.

'പഠിക്കാനൊന്നും അന്ന് വീട്ടിലെ സാഹചര്യം കൊണ്ട് കഴിഞ്ഞിരുന്നില്ല. എന്നെ പോലെ തന്നെ മോൾക്കും പത്താംക്ലാസ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. ഇവൾക്ക് വേണ്ടിയാണ് ഞാനും തുല്യതാകോഴ്സിനു ചേർന്നത്. ഇപ്പോ ഇവളെക്കാളും ഉത്സാഹം എനിക്കാണ്' 61കാരിയായ സുലോചനയ്ക്ക് മകൾ വിദ്യയ്ക്കൊപ്പം ഹയർ സെക്കന്ററി തുല്യത കൂടി പഠിച്ച് പാസ്സാവണമെന്നാണ് ആഗ്രഹം. അംഗനവാടി ഹെൽപ്പർ ആയ സുലോചന മകൾ വിദ്യക്കൊപ്പം കൊല്ലം ജില്ലയിലെ സദാനന്ദപുരം ഗവ. ഹയർ സെക്കന്ററി സ്കൂളിലാണ് പരീക്ഷ എഴുതിയത്. അല്പം പ്രയാസമുള്ള വിഷയമായ ഗണിതശാസ്ത്രത്തിന്റെ ചോദ്യപേപ്പറിനെ സംബന്ധിച്ച് ചില സംശയങ്ങളുണ്ടെങ്കിലും പത്താം ക്ലാസ് ജയിക്കുമെന്ന കാര്യത്തിൽ അമ്മയ്ക്കും മകൾക്കും സംശയങ്ങൾ ഒന്നുമില്ല



**സുലോചനയും മകൾ വിദ്യയും പത്താംതരം തുല്യതാപരീക്ഷയ്ക്ക് ശേഷം**

കളനട പഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂളിൽ പത്താംതരം തുല്യതാപരീക്ഷയെഴുതിയ 51കാരിയായ സുധ രാജേഷിന് ബിരുദധാരിയാകണമെന്നാണ് ആഗ്രഹം. ഈ പ്രായത്തിൽ ഇനി അതൊക്കെ വേണോ എന്ന് ചോദിക്കുന്നവരോട് പഠനത്തിനെന്ത് പ്രായം എന്ന മറുചോദ്യമാണ് സുധയ്ക്കുള്ളത്. കോട്ടയം മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ പത്താംതരം തുല്യത പഠിതാവായ രേണുക ജി വിക്ക് പരീക്ഷയിലെ ചോദ്യങ്ങൾ ഒരൽപം വളഞ്ഞിട്ടാണോ എന്നാണ് സംശയം. പത്താംതരം ഇങ്ങനെയെങ്കിൽ ഹയർ സെക്കന്ററി എങ്ങനെയിരിക്കും എന്ന ആശങ്കയും മനസ്സിലുണ്ട്. എന്നിരുന്നാലും 63 പഠിതാക്കളോടൊപ്പം പരീക്ഷയെഴുതി പൂർത്തിയാക്കാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യം ഇവരുടെ വാക്കുകളിൽ ഉടനീളം മുഴച്ചുനിൽക്കുന്നു.

**തുല്യതാപഠനത്തിലെ തുല്യതക്കായുള്ള പോരാട്ടം**

തുല്യതാകോഴ്സുകളിലേക്ക് പ്രവേശിക്കുന്ന സ്ത്രീകളിൽ പലരും കുടുംബത്തിന്റെ ശക്തമായ പിന്തുണയോടെയാണ് വരുന്നത്. എന്നാൽ പൊള്ളുന്ന ജീവിതസാഹചര്യങ്ങളോട് പടവെട്ടി സ്വന്തം ആവശ്യങ്ങൾ നടത്തിയെടുക്കാൻ കഷ്ടപ്പെടുന്നവരും ഈ കൂട്ടത്തിലുണ്ട്. ജീവിതഭാരങ്ങളും സാമ്പത്തിക വെല്ലുവിളികളും കുടുംബത്തിനകത്തെ പ്രതിസന്ധികളും പങ്കാളിയുടെ പിന്തുണയില്ലായ്മയും അവസര സമത്വത്തോടുള്ള സമൂഹത്തിന്റെ വിരുദ്ധ മനോഭാവവും എല്ലാം തരണം ചെയ്ത് തന്നെയാണ് ചില സ്ത്രീകൾ ഇവിടെ എത്തുന്നത്.

**തുല്യതാകോഴ്സുകൾ വിജയിക്കുന്ന സ്ത്രീകൾ നിശ്ശബ്ദമായി നടത്തുന്ന ഈ പോരാട്ടം നമ്മുടെ സമൂഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള ചില ചോദ്യങ്ങളും പ്രത്യാശകളും ഒരുമിച്ച് ഉയർത്തിക്കാണിക്കുന്നുണ്ട്. കുടുംബവും സമൂഹവും പതിച്ചുനൽകിയ തിക്കുമുട്ടലുകൾക്കിടയിൽ സ്വന്തം സ്ഥാനം കണ്ടെത്താൻ ഇവർ നടത്തുന്ന സമരം ചിലപ്പോൾ ചരിത്രപുസ്തകങ്ങളിൽ എഴുതപ്പെട്ടു എന്നുവരില്ല.**

പുരോഗമനത്തിന്റെ വായ്ത്താരികൾ പാടിപ്പഴകിയ നമ്മുടെ നാട്ടിലും വിദ്യാഭ്യാസം സ്ത്രീക്ക് ഒരു അനാവശ്യമാണ് എന്ന് ചിന്തിക്കുന്ന നിരവധി കുടുംബങ്ങളുണ്ട് എന്ന യാഥാർഥ്യം ഈ പഠിതാക്കൾ നമ്മെ ഓർമപ്പെടുത്തുന്നു.

"ഞായറാഴ്ച നീ ഇങ്ങനെ ക്ലാസിലേക്കിറങ്ങിയാൽ വീട് ആരാണ് നോക്കുക?"

"ഇനിയിപ്പോ പഠിച്ചിട്ടെന്താണ്? കളക്ടർ ആവാനാണോ?"

"ഇത്രയൊക്കെ പഠിച്ചാൽ പിന്നെ എന്നെ അനുസരിക്കില്ലല്ലോ..."

ഇത്തരത്തിലുള്ള കുത്തുവാക്കുകൾ കേട്ടുപഴകി, അതിന്റെ വിഴുപ്പും മനസ്സിലേറ്റി ക്ലാസ്സ്മുറികളിൽ വന്നിരിക്കുന്ന ധാരാളം സ്ത്രീകൾ തുല്യതാ പഠനകേന്ദ്രങ്ങളിലുണ്ട്.

ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ട് പഠിക്കണം, തൊഴിൽ നേടണം, കുടുംബത്തിനും സമൂഹത്തിനും മുൻപിൽ തലയുയർത്തി നിൽക്കണം എന്നീ ആഗ്രഹങ്ങൾ ഇവരെ ഓരോ ദിവസവും പുതിയ തുടക്കത്തിലേക്കാണ് നയിക്കുന്നത്. ഈ സാഹചര്യത്തിലാണ് സാക്ഷരതാമിഷന്റെ തുല്യതാ വിദ്യാഭ്യാസത്തിന്റെ പ്രസക്തി വീണ്ടും വീണ്ടും ഉയർന്നുവരുന്നത്.

സർക്കാരിന്റെ നയരേഖകളിലും വനിതാശാക്തീകരണ പരിപാടികളിലും വിദ്യാഭ്യാസം സ്ത്രീകളുടെ ഉന്നമനത്തിനുള്ള ആദ്യപടിയായി പ്രത്യേകം പരാമർശിക്കപ്പെടുന്നു. 2025ലെ വനിതാ ദിനസന്ദേശത്തിലും "സ്ത്രീമുന്നേറ്റത്തിന്റെ സുസ്ഥിര മാതൃക"യെ കുറിച്ചുള്ള ചൂണ്ടിക്കാട്ടൽ ഉൾപ്പെടെ, വിദ്യാഭ്യാസ സാക്ഷരതാമിഷന്റെ തുല്യതാപഠനം അതിനാൽ, ഒരു 'പഠനപദ്ധതി' മാത്രമല്ല, സ്ത്രീയുടെ ജീവിതത്തിൽ സ്വാതന്ത്ര്യത്തിനും സാമ്പത്തിക സുരക്ഷയ്ക്കും സമൂഹത്തിൽ ഉറച്ച നിലപാടിനും വഴിതെളിക്കുന്ന ഒരു സാമൂഹിക പ്രസ്ഥാനം കൂടിയാണ്.

## 2021 മുതൽ 2024 വരെയുള്ള കാലയളവിൽ പത്താംതരം തുല്യതയ്ക്ക് രജിസ്റ്റർ ചെയ്തവരുടെ എണ്ണം

| അധ്യയനവർഷം | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| *2021 -22* | *10,771* | *7843* |
| *2022-23* | *18,434* | *9103* |
| *2023-24* | *11,904* | *5403* |

## 2021 മുതൽ 2024 വരെയുള്ള കാലയളവിൽ പത്താംതരം തുല്യത വിജയിച്ചവരുടെ എണ്ണം

| അധ്യയനവർഷം | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| *2021 -22* | *5996* | *2805* |
| *2022-23* | *12,110* | *3972* |
| *2023-24* | *6987* | *2147* |



## പത്താംതരം തുല്യതയിലെ പെൺകരുത്ത്

തുല്യതാകോഴ്സുകൾ വിജയിക്കുന്ന സ്ത്രീകൾ നിശ്ശബ്ദമായി നടത്തുന്ന ഈ പോരാട്ടം നമ്മുടെ സമൂഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള ചില ചോദ്യങ്ങളും പ്രത്യാശകളും ഒരുമിച്ച് ഉയർത്തിക്കാണിക്കുന്നുണ്ട്.

കുടുംബവും സമൂഹവും പതിച്ചുനൽകിയ തിക്കുമുട്ടലുകൾക്കിടയിൽ സ്വന്തം സ്ഥാനം കണ്ടെത്താൻ ഇവർ നടത്തുന്ന സമരം ചിലപ്പോൾ ചരിത്ര പുസ്തകങ്ങളിൽ എഴുതപ്പെട്ടു എന്നുവരില്ല. പുതിയൊരു കാലഘട്ടത്തിനും അതിനെ പിൻപറ്റുന്ന പുതിയൊരു തലമുറയ്ക്കും ഇതൊരു സമരമായി തന്നെ തോന്നണമെന്നില്ല. 'അമ്മ അന്നെന്തേ പഠിച്ചില്ല, കല്യാണം വന്നപ്പോൾ വേണ്ടെന്ന് പറയരുതായിരുന്നോ, ഒട്ടുമേ ധൈര്യമില്ലാതെ ആയിപ്പോയല്ലോ' എന്ന് ചോദിക്കുന്ന മക്കളോട് 'അന്നത്തെ അമ്മയ്ക്ക് നഷ്ടമായ ശബ്ദം വീണ്ടെടുക്കാൻ ഇന്നത്തെ അമ്മ നടത്തിയ സമരത്തിനോളം ധൈര്യം മറ്റൊന്നിനും വേണ്ട' എന്ന് അവർ ശാന്തമായിത്തന്നെ, ചിലപ്പോൾ വാക്കുകളില്ലാതെയും മറുപടി പറയുന്നു. അതി നാൽത്തന്നെ തുല്യതാപഠനം എന്നത് കേവലം ഒരു നയം, ഒരു സർട്ടിഫിക്കറ്റ്, ഒരു പരിശീലന പരിപാടി എന്നീ ചട്ടക്കൂടിൽ ഒതുങ്ങുന്നില്ല. ഇത് ലിംഗസമത്വത്തിനും സാമൂഹ്യനീതിക്കും ഒരുക്കുന്ന ഒരു അടിത്തറയാണ്. ഈ പെൺകരുത്ത് പുസ്തകങ്ങളിലല്ല, ജീവിതത്തിന്റെ ഓരോ പടിയിലും എഴുതപ്പെട്ടുകൊണ്ടിരിക്കുന്ന ഒരവസാനമില്ലാത്ത കഥയാണ്.



ഗിഫു മേലാറ്റൂർ

# ശല്യം അധികപ്പറ്റാകുന്ന കാലം



തീവണ്ടി പ്ലാറ്റ്ഫോം വിടുമ്പോൾ, അയാൾ ജനലിലൂടെ പുറത്തേക്ക് നോക്കി. കണ്ണുകളിൽ നിന്ന് കാഴ്ചകൾ മഞ്ഞച്ച ഒരു ചില്ലിലൂടെ ഒഴുകിപ്പോയി. ഓർമ്മകൾക്ക് ഉപ്പുരസമുണ്ടെന്ന് അപ്പോഴാണയാൾ തിരിച്ചറിഞ്ഞത്. കയ്യിൽ പിടിമുറുക്കിയ പഴയ ബാഗിന് കനമില്ല, പക്ഷേ നെഞ്ചിൻകൂടിനുള്ളിലോ? അമിതഭാരം ശ്വാസം മുട്ടിച്ചു.

ഒന്നാമത്തെ വിസ, അത് വെറുമൊരു കടലാസ്സായിരുന്നില്ല. മരുഭൂമിയിലെ വെയിലേറ്റ് ഉരുകിയൊലിച്ച യൗവനത്തിന്റെ ഓരോ തുള്ളി വിയർപ്പും നാട്ടിലെ പറമ്പിൽ പടർത്തിയ വെള്ളമായിരുന്നു. ഭാര്യയുടെ ചിരിക്കുന്ന മുഖവും മക്കളുടെ കിലുങ്ങിച്ചിരികളും – അതായിരുന്നു അയാളുടെ ദിശ. കത്തെഴുതുമ്പോൾ വെട്ടുകരിപോലെ വീട് ഭരിക്കുന്ന അവളുടെ വാക്കുകൾക്ക് ചൂടായിരുന്നു.

'ഇവിടെ എല്ലാം ഭദ്രം. അങ്ങോട്ട് നോക്കിയാൽ മതി. ഞാൻ നോക്കിക്കോളാം.'

ആ വാക്കുകൾ ചുട്ടുപൊള്ളുന്ന ചൂളയിലെ തീപോലെ അയാളുടെ അസ്ഥിയിൽ പിടിച്ചു. ഓരോ എല്ലിനെയും നീറ്റിയെടുത്തു.

വർഷങ്ങൾ പലതു കടന്നുപോയി. മരുഭൂമിയിലെ കാറ്റിൽ ഉണങ്ങിയ മരത്തിനെന്നപോലെ, അയാളുടെ സ്വപ്നങ്ങൾക്ക് ഒരുതരം നിർജ്ജീവത കൈവന്നു.

ലീവിന് വരുമ്പോൾ വീടിന്റെ വാതിൽ തുറന്ന് അകത്തേക്ക് കയറിച്ചെല്ലുമ്പോൾ പരിചിതമല്ലാത്തൊരു മണം. വാതിൽപ്പടിയിലെ പുതുമയുടെ വാസന. അയാളുടെ സാന്നിധ്യം ഒരുതരം അസ്വസ്ഥതയായി ചുമരുകളിൽ തട്ടിനിൽക്കുന്നതുപോലെ. മക്കൾക്ക് ഫോണിൽ മാത്രം കണ്ടിരുന്ന ഉപ്പ ഒരു ഭൗതിക രൂപമായി അവരുടെ

കളികൾക്ക് ഭംഗം വരുത്തി.
ഭാര്യയുടെ കണ്ണുകളിൽ അപ്രതീക്ഷിതമായി വന്നൊരാളുടെ ഭാവം.
'കുറച്ചുകൂടി ലീവ് എടുത്തൂടെ' എന്ന് പറയുമ്പോൾ, അവളുടെ സ്വരത്തിൽ ഒരുതരം ഒഴിഞ്ഞുമാറൽ അയാൾ തിരിച്ചറിഞ്ഞു. ആരും പറയാതെ അയാൾക്ക് മാത്രം മനസ്സിലാകുന്നൊരു 'അധികപ്പറ്റ്' ബോധം അയാളെ ഞെരുക്കി.
മരുഭൂമിയിലേക്ക് തിരികെ പോകുമ്പോൾ വിമാനത്താവളത്തിലെ യാത്രയയപ്പ് കവാടം ഒരുതരം മോചനത്തിന്റെ കവാടം പോലെ.
ഭാര്യയുടെയും മക്കളുടെയും മുഖത്ത് തെളിയുന്ന നിശ്വാസം അയാൾ കണ്ടു. ഒരുതരം ആശ്വാസം. 'സൂക്ഷിച്ചുപോണേ' എന്ന വാക്കിൽ പോലും ഒരു ശൂന്യത, ഒരുതരം തണുപ്പ്.
ഒടുവിൽ, അയാൾ തീരുമാനിച്ചു. വിസ റദ്ദാക്കി നാട്ടിലേക്ക് മടങ്ങി. മരുഭൂമിയിൽ ഇനി അവശേഷിക്കുന്നത് മണൽക്കാറ്റിൽ മാഞ്ഞുപോയ അയാളുടെ കാല്പാടുകൾ മാത്രം.
സ്വന്തം വീടിന്റെ വാതിൽ തുറന്നപ്പോൾ ഇത്തവണ ഒരു തണുത്ത വരവേൽപ്പ്. വാതിൽ തുറക്കുന്നതിനുമുമ്പ് ഒരു നിമിഷം നീണ്ടുപോയ നിശ്ശബ്ദത.
'ഇനി എന്താ പരിപാടി?'
ഭാര്യയുടെ ചോദ്യത്തിൽ ഭാവിയെക്കുറിച്ചുള്ള ആശങ്കയായിരുന്നില്ല- അയാളെ ഒഴിവാക്കാനുള്ള തിരക്കായിരുന്നു.
മക്കളുടെ കണ്ണുകളിൽ അജ്ഞാതമായൊരു ഭയം. അവരുടെ പുതിയ ചിട്ടകൾക്കും സ്വകാര്യതയ്ക്കും അയാൾ ഒരു തടസ്സമായി മാറി.
ഓരോ ചെറിയ കാര്യത്തിനും കുറ്റപ്പെടുത്തലുകൾ. മൊബൈൽ എടുക്കുമ്പോൾ, അനിയൻ ടി.വി. കാണുമ്പോൾ, തുണി മടക്കുമ്പോൾ – അയാൾ എല്ലായിടത്തും ഒരു 'ശല്യം'.
"ഇവിടെ ഇരുന്നാൽ ശരിയാകില്ല,"
ഒരു ദിവസം അവൾ തീർത്തുപറഞ്ഞു.
"എളെമ്മാന്റെ മോൻ ദുബായിൽ പോകാൻ നോക്കുന്നുണ്ട്. നിങ്ങളും അങ്ങോട്ട്.."

അയാളുടെ ചുണ്ടുകൾ വിറച്ചു. വാക്കുകൾ പുറത്തേക്ക് വന്നില്ല. അയാളുടെ യൗവനം, അയാളുടെ ചോര, മരുഭൂമിയിലെ മണലിൽ അലിഞ്ഞുപോയതാണ്. എന്നിട്ടും, വീണ്ടും? ഉണങ്ങിയ തൊണ്ടയിൽ ഒരു കരച്ചിൽ കുടുങ്ങിനിന്നു. അയാളുടെ പഴയ ബാഗ് വീണ്ടും പുറത്തെടുത്തുവെച്ചു.
അതിന് മുമ്പത്തേക്കാൾ കനം തോന്നി. പക്ഷേ, അത് യാത്രയുടെ ഭാരമായിരുന്നില്ല, ഉള്ള് പൊള്ളുന്ന ഒരുതരം ശൂന്യതയുടെയും ഒറ്റപ്പെടലിന്റെയും ഭാരമായിരുന്നു.
വിമാനത്തിൻറെ ശബ്ദം കാതുകളിൽ മുഴങ്ങാൻ തുടങ്ങി.
മരുഭൂമിയിലെ മണലിന് ഉപ്പുരസമുണ്ട്. പക്ഷേ, ഈ കണ്ണുനീരിന് അതിലേറെ ഉപ്പ്..

അത് അയാളുടെ ആത്മാവിൽ പറ്റിപ്പിടിച്ച് ഒരിക്കലും മായാത്തൊരു മുറിവായി മാറി.
ഇനി തിരിച്ചുപോയിട്ട് എന്ത് നേടാൻ? എവിടെയാണ് തനിക്ക് സ്വന്തമായ ഒരിടം?

**കവിത**



ഹഫീന ഹമീദ്

# കാലം

ഋതുക്കൾ വിരുന്നെത്താൻ
മറന്നിടുന്നു.
പോയകാലത്തിന്റെ അയവിറക്കി
ഉമ്മറപ്പടിയിൽ.
പോയ്മറഞ്ഞ വസന്തത്തെ പൂക്കൾ തിരയുന്നു.
മേഞ്ഞിടുന്ന കാലത്തിൻവേഷപ്പകർച്ചകൾ.
ഇരുളായ് ഉരുളായ് കഠിനമായ് പകർന്നാടിയ
വേഷം നിലത്തഴിച്ച് വെക്കുന്നു.
ചിതറിയ മേഘം പോൽ അവിടവിടായി
ഋതുക്കൾ വന്നിടുന്ന , സൂചന മാത്രം.
കാലത്തിൻ സ്പന്ദനങ്ങൾ ജല്പനങ്ങളായി.
തുറന്നിട്ട മിഴിയിൽ പതിച്ച വർഷകാലം
സ്ഫടികം പോലെ ചിതറി.
മുന്നോട്ട് കുതിക്കുന്ന സൂചിയിൽ പിൻ
ചക്രമാവുന്ന നാളുകൾ.
എണ്ണിയാലൊടുങ്ങാത്ത വേദനകൾ..
എണ്ണിത്തുടങ്ങിടാ വേഗം
എണ്ണിയാലൊടുങ്ങാത്ത ദാഹം.
കാലത്തിൻ കയത്തിൽ ത്രസിക്കുന്ന മർത്ത്യർ
കഥയെന്ത് കേൾക്കുന്നു കാണുന്നു ,
കനവിലെ ജീവിതം.
കടൽ ആർത്തിരമ്പുന്നു. തിരതലതല്ലി
അടങ്ങുന്നു പോയ കാലത്തെ അടക്കിപ്പിടിച്ച്.

കഥ



# വിശപ്പ്

സംഗീത് ശിവൻ

ഇരുണ്ടുകയറുന്ന മേഘങ്ങൾക്കിടയിൽ നിന്ന് ഊർന്നിറങ്ങുന്ന മങ്ങിയ വെളിച്ചം. മേഘപാളികൾക്കിടയിൽ നിന്ന് താഴേക്ക് അവ പതിക്കുന്നു.

“ഏഴ് ദിവസം കഴിഞ്ഞിരിക്കുന്നു ഞാൻ ഈ മൺദ്വീപിൽ പെട്ടിട്ട്” — ജെയിംസ് സ്വയം ഓർമ്മിപ്പിച്ചു.

ദേഹമാസകാലം മുറിവുകളുമായി മണ്ണിനോട് ചേർന്ന് അവൻ കിടന്നു. അവൻ മെല്ലെ അവന്റെ കണ്ണുകൾ തുറന്നു. ഉയരത്തിൽ നിന്ന് കീറിവീണ വെള്ളിവെളിച്ചത്തിൽ തകർന്ന കപ്പലിന്റെ ശകലങ്ങൾ അവൻ കണ്ടു. അകലങ്ങളിൽ നിന്നും അവന്റെ ദൃഷ്ടി അടുത്തേക്കാകും തോറും അവന്റെ കണ്ണിൽ ഭീതിയുടെ തീവ്രത നിഴലിച്ചു.

തീരത്തോട് ചേർന്ന് കൂടെ സഞ്ചരിച്ചവരുടെ തിരിച്ചറിയാൻ കഴിയാത്ത വിധത്തിലുള്ള ശരീരഭാഗങ്ങൾ ചിതറിക്കിടക്കുന്നു. അവയിൽ പലതും കടൽകാക്കൾ ഭക്ഷിക്കുന്നുണ്ട്. അവൻ അതിൽ വേഗത്തിൽ തിരയാൻ തുടങ്ങി.

“ജെയിംസ്...”

ഒരു നിലവിളി മാത്രം.

ശബ്ദത്തിന്റെ ദിശയിലേയ്ക്ക് അവൻ നോക്കി. ആലിസ്! അവന്റെ പ്രിയതമ. അല്പം അകലെയായി , അവൾ അവളുടെ വിവാഹവസ്ത്രത്തിൽ അവശയായി കിടക്കുന്നു.

ഞങ്ങൾ വിവാഹിതരായിട്ട് ഒരാഴ്ച കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ സഞ്ചരിച്ച കപ്പലിലേക്ക് അപ്രതീക്ഷിതമായി ഉണ്ടായ കടൽക്കൊള്ളക്കാരുടെ ആക്രമണത്തിൽ തകർന്നത് ഒരുപാട് ജീവിതങ്ങളാണ്.

അവൻ അവൾക്കരികിലേക്ക് മന്ദമായി ഇഴഞ്ഞുനീങ്ങാൻ തുടങ്ങി. ശക്തി ക്ഷയിച്ചുതുടങ്ങിയിരിക്കുന്നു .

ഭക്ഷണം കഴിച്ചിട്ട് ദിവസങ്ങളായി. പക്ഷെ ഒരു പുല്ല് പോലും മുളയ്ക്കാത്ത ഈ മൺദ്വീപിൽ നിന്ന് എന്ത് മോചനമാണുള്ളത്. ആലീസിനെ രക്ഷിക്കണം. അവളെ കടൽകാക്കൾ ലക്ഷ്യമിട്ടിരിക്കുന്നു. അവൻ അവളിലേയ്ക്ക് അടുക്കുംതോറും അവളിൽ നിന്ന് മാംസം കൊത്തിപ്പറിക്കാൻ കാക്കകൾ മത്സരിച്ചു. ഒന്ന് തടയാൻ പോലും കഴിയുന്നില്ല.

വിശപ്പിന്റെ ഇരുട്ട് അവനെ ബാധിച്ച് തുടങ്ങിയിരിക്കുന്നു. അവൻ മെല്ലെ അവളിലേയ്ക്ക് എത്തി. അവളുടെ ചലനമില്ലാത്ത ശരീരത്തിലേക്ക് അവൻ ഒരു ചുംബനം നൽകി; കഴിയും വിധം ആ നരഭോജികളെ ആട്ടിപ്പായിച്ചു. മരണം അവനെ തേടി ഒടുവിൽ വന്നിരിക്കുന്നു.

അവന്റെ ബോധം മറയുന്നത് പോലെ. അവൻ അവളുടെ മുറിവുകളിലേക്ക് നോക്കി, രക്തം വാർന്നൊഴുകുന്നുണ്ട്.

പിന്നാമ്പുറത്ത് പള്ളിമണി മുഴങ്ങുന്നു.

ജയിൻസ് ആലീസിനെ മിന്നുകെട്ടുന്ന ചിത്രങ്ങൾ അവന്റെ മനസ്സിലൂടെ പാഞ്ഞു പോയി.

അവൻ അവളുടെ മുറിവുകളിലേക്ക് ആഴത്തിൽ കൈകൾ കടത്തി. അവളുടെ ആമാശയം തുറക്കപ്പെട്ടു.

"ഞാൻ ഉണ്ടില്ലെങ്കിലും നിന്നെ ഞാൻ പട്ടിണിക്കിടില്ല"

"ഞാൻ ഉടുത്തില്ലെങ്കിലും നിന്നെ ഞാൻ പോറ്റികൊള്ളാം"

ഒരു തോണിയിലിരുന്ന് അവൻ അവൾക്ക് കൊടുത്ത വാക്കുകൾ.

അവൻ അവളുടെ ആമാശയം ഭക്ഷിക്കുമ്പോൾ അവന്റെ മനസ്സിൽ അത് ഓടിക്കൊണ്ടിരുന്നു.

മനുഷ്യമാംസത്തിനു ഇത്ര സ്വാദോ?

അതോ വിശപ്പിന്റെ ഗന്ധം പ്രണയമോ?

ലേഖനം



മേഘ വിജയൻ

# യുവതലമുറയും രാഷ്ട്രീയ പങ്കാളിത്തവും, ഒരു സാമൂഹിക-രാഷ്ട്രീയ നിരീക്ഷണം



ജനാധിപത്യത്തിന്റെ പ്രാണവായുവാണ് ജനങ്ങൾ. അതിലും പ്രധാനമായി, ജനസംഖ്യയുടെ ഏറ്റവും ഊർജ്ജസ്വലവും സൃഷ്ടിപരവുമായ ഘടകമാണ് യുവതലമുറ. ഒരു രാജ്യത്തിന്റെ ഭാവി ഏൽപ്പിക്കാവുന്ന ഏറ്റവും വലിയ ശക്തി യുവജനങ്ങളിൽ തന്നെയാണ്. എന്നാൽ അവരെ രാഷ്ട്രീയ പങ്കാളിത്തത്തിലേക്ക് ആകർഷിക്കാനും അതിലൂടെ ഒരു ഉത്തരവാദിത്തബോധം വളർത്താനും സാധിക്കുന്നത് എത്രത്തോളമെന്നും അതിന്റെ ഫലം സമൂഹത്തിൽ എങ്ങനെ പ്രതിഫലിക്കുമെന്നും നിരന്തരം പഠിക്കപ്പെടേണ്ട വിഷയമാണ്. ‘യുവതലമുറയും രാഷ്ട്രീയ പങ്കാളിത്തവും’ എന്നത്, ഒരു രാജ്യത്തിന്റെ സാമൂഹിക-സാംസ്കാരിക വളർച്ചയിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്ന വിഷയം കൂടിയാണ്. ഇന്നത്തെ കാലഘട്ടത്തിൽ യുവാക്കൾ രാഷ്ട്രീയത്തെ കാണുന്ന ദൃഷ്ടിയും, അതിലേക്ക് കടക്കുന്ന രീതികളും, സമൂഹത്തിനാകെ മാറ്റം സൃഷ്ടിക്കുന്ന തരത്തിലേക്ക് മാറിയിരിക്കുന്നു.

സാങ്കേതിക പുരോഗതിയും സോഷ്യൽ മീഡിയയുടെ വ്യാപനവും യുവാക്കൾക്ക് മുമ്പെങ്ങുമില്ലാത്ത വിധത്തിൽ രാഷ്ട്രീയ ചർച്ചകളിലേക്കും പ്രവർത്തനങ്ങളിലേക്കും ഇടപെടൽ സാധ്യമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ യുവതലമുറയുടെ രാഷ്ട്രീയ പങ്കാളിത്തം ഇന്ന് ഒരു അഭിലാഷമല്ല, സമൂഹത്തിന്റെ ആവശ്യമാണ്.

ഇന്നത്തെ യുവാക്കൾ രാഷ്ട്രീയത്തെ മുൻതലമുറകളിൽ നിന്നെല്ലാം വ്യത്യസ്തമായാണ് കാണുന്നത്. പരമ്പരാഗത രീതി, വംശപരമ്പരാഗത നേതൃരൂപം, സംഘടനാത്മക കാഴ്ച ഇവയെല്ലാം ചോദ്യം ചെയ്യപ്പെടുന്ന കാലമാണ് ഇത്. പുതിയ തലമുറയുടെ രാഷ്ട്രീയബോധം വസ്തുത, സുതാര്യത, വിശ്വാസ്യത എന്നീ മൂല്യങ്ങളിലാണ് നിൽക്കുന്നത്. അവർ ശൂന്യവാഗ്ദാനങ്ങളെ വിശ്വസിക്കുന്നില്ല, അവർക്ക് തെളിവ് വേണം, പ്രവർത്തനം വേണം, നയപരമായ വ്യക്തത വേണം. ഈ സമീപനമാണ് യുവതലമുറയെ രാഷ്ട്രീയത്തിലെ ശക്തമായ ഒരു ശബ്ദമാക്കി മാറ്റുന്നത്.

യുവാക്കൾ ഇന്ന് രാഷ്ട്രീയത്തിൽ പങ്കാളികളാകുന്നത് പല വഴികളിലൂടെയാണ്. തിരഞ്ഞെടുപ്പ് ദിനത്തിൽ വോട്ട് ചെയ്യുന്നത് മാത്രം രാഷ്ട്രീയ പങ്കാളിത്തമല്ല. ഓൺലൈൻ പ്രചരണങ്ങൾ, വിഷയാധിഷ്ഠിത പ്രക്ഷോഭങ്ങൾ, പൗരസമരം, പൊതുപ്രശ്നങ്ങളിൽ നിലപാട് വ്യക്തമാക്കൽ, സോഷ്യൽ മീഡിയയിൽ അഭിപ്രായപ്രകടനം, നയനിർമ്മാണ പങ്കാളിത്തം— ഇവയെല്ലാം രാഷ്ട്രീയപരമായ ഇടപെടലുകളാണ്. 'ജെൻ സി' തലമുറയുടെ കൈവശമുള്ള സാങ്കേതി കോപകരണം, അവരെ രാഷ്ട്രീയത്തെ ഷേപ്പ് ചെയ്യാൻ കഴിയുന്ന ഏറ്റവും ശക്തമായ തലമുറയാക്കി മാറ്റുന്നു. ഒരു റീൽ വീഡിയോ വഴിയും ഒരു പ്രചാരണ പോസ്റ്റ് വഴിയും അവർ ലക്ഷക്കണക്കിന് ആളുകളിലേക്ക് കയ്യെത്താദൂരം കൊണ്ടുപോകുന്ന ചർച്ചകൾ ആരംഭിക്കുന്നു. യുവതലമുറയുടെ രാഷ്ട്രീയ പങ്കാളിത്തം ഒരു രാഷ്ട്രത്തിന്റെ പുരോഗതിക്കും നവീകരണത്തിനും വലിയ പ്രചോദനമാണ്. അവർ സമൂഹത്തിലെ അനീതിയും വിവേചനവും കണ്ടാൽ മിണ്ടാതെ പോകുന്നവരല്ല. ഗ്രാമങ്ങളിലും പട്ടണങ്ങളിലും ജോലിയും വിദ്യാഭ്യാസവും ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും സംബന്ധിച്ച പ്രശ്നങ്ങൾ നേരിട്ട് അനുഭവിക്കുന്നവരാണ് അവർ. അതുകൊണ്ടുതന്നെ അവർ ഉയർത്തുന്ന ചോദ്യങ്ങളും ആവശ്യങ്ങളും യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. രാജ്യം മുന്നോട്ട് പോകണമെങ്കിൽ യുവതലമുറയുടെ ശബ്ദം കേൾക്കപ്പെടേണ്ടതുണ്ട് എന്ന ബോധ്യം ഇപ്പോൾ രാഷ്ട്രീയകക്ഷികൾക്കും നിർണായകമായി മാറിയിട്ടുണ്ട്. ഭാവിയിലെ ഭരണസംവിധാനങ്ങൾ കൂടുതൽ അറിവോടും ഉത്തരവാദിത്തബോധത്തോടും മുന്നോട്ട് പോകണമെങ്കിൽ യുവതലമുറയുടെ ഇടപെടൽ നിർണ്ണായകമാണ്. രാഷ്ട്രീയത്തിൽ അവരുടെ സാന്നിധ്യം ഒരു ബദലല്ല; മറിച്ച് ഒരു ആവശ്യമാണ്. അവർ കണ്ടുപിടിക്കുന്ന പുതുവഴികളും അവതരിപ്പിക്കുന്ന പുതുനയങ്ങളും നടപ്പാക്കുന്ന പുതിയ പ്രവർത്തന രീതികളും ഒരു രാജ്യത്തിന്റെ ഭാവി സ്ഥിരതയെ ഉറപ്പാക്കുന്നവയാണ്.

എന്നിരുന്നാലും യുവാക്കളുടെ രാഷ്ട്രീയ ഇടപെടലിന് മുമ്പിൽ പല വെല്ലുവിളികളും നിലനിൽക്കുന്നു. അവരെ 'അപരിചിതർ' എന്ന് കാണുന്ന ഒരു പഴയ രാഷ്ട്രീയ സംസ്കാരം ഇപ്പോഴും ചില മേഖലകളിൽ ശക്തമാണ്. അനുഭവക്കുറവ് എന്ന പേരിൽ യുവാക്കളുടെ നിർണായക ആശയങ്ങൾ അവഗണിക്കപ്പെടാറുണ്ട്. വ്യാജപ്രചാരണം, സൈബർ ആക്രമണം, ട്രോളിംഗ് എന്നിവയും യുവാക്കളുടെ രാഷ്ട്രീയവീക്ഷണത്തെ ബാധിക്കുന്നു. ഇതോടൊപ്പം വിദ്യാഭ്യാസ മേഖലയിലും കുടുംബശ്രേണിയിലും രാഷ്ട്രീയത്തെ 'ദൂരെനിന്നു കാണേണ്ട' വിഭാഗം എന്ന പഴയ ധാരണ ഇപ്പോഴും പ്രബലമായിരിക്കുന്നു. ഈ തടസ്സങ്ങൾ മറികടക്കേണ്ടതുണ്ട്. അതോടൊപ്പം, യുവാക്കൾക്ക് തന്നെ രാഷ്ട്രീയബോധം കൂടുതൽ ശക്തിപ്പെടുത്താനുള്ള ഉത്തരവാദിത്തവുമുണ്ട്. വോട്ടവകാശം വിനിയോഗിക്കുക, വിശ്വസ്തമായ ഉറവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുക, വ്യാജവാർത്തകൾ തിരിച്ചറിയുക, അഭിപ്രായപ്രകടനത്തിന് പുറത്തുകൂടി പ്രവർത്തനങ്ങളിലേക്ക് ചുവടുവെക്കുക എന്നീ കാര്യങ്ങൾ യുവതലമുറയുടെ പങ്കാളിത്തം കൂടുതൽ ഫലപ്രദമാക്കും.

**രാജ്യം മുന്നോട്ട് പോകണമെങ്കിൽ യുവതലമുറയുടെ ശബ്ദം കേൾക്കപ്പെടേണ്ടതുണ്ട് എന്ന ബോധ്യം ഇപ്പോൾ രാഷ്ട്രീയകക്ഷികൾക്കും നിർണായകമായി മാറിയിട്ടുണ്ട്. ഭാവിയിലെ ഭരണസംവിധാനങ്ങൾ കൂടുതൽ അറിവോടും ഉത്തരവാദിത്തബോധത്തോടും മുന്നോട്ട് പോകണമെങ്കിൽ യുവതലമുറയുടെ ഇടപെടൽ നിർണ്ണായകമാണ്. രാഷ്ട്രീയത്തിൽ അവരുടെ സാന്നിധ്യം ഒരു ബദലല്ല; മറിച്ച് ഒരു ആവശ്യമാണ്**

വിദ്യാഭ്യാസരംഗം, ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന, സാമൂഹ്യനീതി എന്നിവയെക്കുറിച്ചുള്ള പഠനം ശക്തിപ്പെട്ടാൽ രാഷ്ട്രീയത്തിൽ ഉത്തരവാദിത്തമുള്ള യുവാക്കൾ ഉയർന്നുവരും.

രാജ്യത്തിന്റെ സമഗ്രോന്നമനത്തിനായി യുവതലമുറയുടെ പങ്കാളിത്തം നിർണായകമാണ്. പുതുചിന്തയും പുതുമൂല്യങ്ങളും രാഷ്ട്രീയനയങ്ങളിൽ എത്തുക, ഭരണസംവിധാനത്തെ കൂടുതൽ സുതാര്യമാക്കുക, സാമൂഹ്യനീതി ഉറപ്പാക്കുക, പുതിയ തലമുറകളെ രാഷ്ട്രീയത്തിലേക്ക് പ്രചോദിപ്പിക്കുക—ഇവയെല്ലാം യുവാക്കൾക്കായിരിക്കും വരാനിരിക്കുന്ന കാലത്ത് നിർവഹിക്കേണ്ടത്. അവർ രാഷ്ട്രീയത്തിൽ സജീവരാകുമ്പോൾ ജനാധിപത്യം ശക്തമാകും; ജനാധിപത്യം ശക്തമാകുമ്പോൾ രാഷ്ട്രവും ശക്തമാകും.

കഥ

# 'ദി ഇൻവിസിബിൾസ്'



അഖിൽ ആർ



അന്തരീക്ഷമാകെ പൊടിപടലം. കട്ടിയുള്ള കോൺക്രീറ്റ് പാളികൾ വകഞ്ഞുമാറ്റി അവൾ എഴുന്നേൽക്കാൻ ശ്രമിച്ചു. പക്ഷേ കണ്ണുകൾ തുറക്കാൻ കഴിയുന്നില്ല; ശ്വാസം കിട്ടുന്നുമില്ല. ചുറ്റിലും തീയും പുകയും പൊടിയും ചേർന്ന് കനത്ത ഇരുട്ട് സൃഷ്ടിച്ചിരിക്കുന്നു. കാതിൽ എത്തുന്ന നേരിയ ശബ്ദങ്ങളിൽ അലർച്ചകളും നിലവിളികളും. ഇടവേളകളിൽ അവയെ നിശ്ശബ്ദമാക്കിക്കൊണ്ട് പൊട്ടിത്തെറിക്കുന്ന ഗ്രനേഡുകളുടെ ഒച്ച.

മേലെ തകർന്നു വീണുകിടക്കുന്ന പാളികൾക്കിടയിൽ നിന്ന് അവൾ വലിഞ്ഞിഴഞ്ഞ് പുറത്തിറങ്ങി. മുറുക്കിപ്പിടിക്കുന്ന വേദന കാരണം ഇടത്തേ കാലിലേക്ക് ഒന്ന് കണ്ണോടിച്ചു. രക്തത്തിൽ കുതിർന്ന ഫ്രോക്കിനോട് ചേർന്ന്, കാലിന് പകരം ചതഞ്ഞുകിടക്കുന്ന കുറച്ച് മാംസാവശിഷ്ടം മാത്രം. അവൾക്ക് വേദന തോന്നിയില്ല, കരഞ്ഞതുമില്ല. ഒരുപക്ഷേ ഇതിലും ഭീകരമായ കാഴ്ചകൾ ആ ഒൻപത് വയസ്സുകാരി ഇതിനകം കണ്ടുകഴിഞ്ഞിരിക്കണം; കണ്ണും മനസ്സും മരവിച്ചിട്ടുണ്ടാകണം.

അവൾ വീണ്ടും മുന്നിലേക്കിഴഞ്ഞു. അമ്മയെ ഉറക്കെ വിളിച്ചു. അനുജനെ വിളിച്ചു. ആരും കേൾക്കുന്നുണ്ടായിരുന്നില്ല. അവളുടെ വേദനയ്ക്കപ്പുറം, ഇന്നലെ വയറ്റിൽ തറച്ച വെടിയുണ്ടയുമായി ആ ആശുപത്രിയിലേക്ക് കൊണ്ടുവന്ന തന്റെ കുഞ്ഞനുജനും അമ്മയ്ക്കും എന്തു സംഭവിച്ചുവെന്ന് ഓർത്തപ്പോഴാണ് അവളുടെ കണ്ണുകൾ കലങ്ങിയത്. അവൾ അലറി വിളിച്ച് കരഞ്ഞുകൊണ്ട് വീണ്ടും മുന്നിലേക്ക് ഇഴഞ്ഞു. ഓരോ ശരീരാവശിഷ്ടം കാണുമ്പോഴും  ചികഞ്ഞുവലിച്ചെടുത്ത് നോക്കി.

പൊടുന്നനെ തൊട്ടപ്പുറത്തായി ഒരു ബോംബ് പതിച്ചു. പൊട്ടിത്തെറിയുടെ ആഘാതത്തിൽ അവൾ തെറിച്ചുവീണു. ചുറ്റും തീയും പൊടിയും കൊണ്ട് നിറഞ്ഞു. അപ്പോഴേക്കും അവളുടെ കേൾവിശക്തി ഏറെക്കുറെ നഷ്ടപ്പെട്ടിരുന്നു. കുറച്ചുനേരത്തേക്ക് ശ്വാസം കിട്ടിയില്ല.

തകർന്നു കിടക്കുന്ന അവശിഷ്ടങ്ങൾക്കിടയിലൂടെ ഇഴഞ്ഞ് വലിഞ്ഞ് അവൾ പുറത്തെത്തി. ആ നഗരം മുഴുവൻ കത്തിയമരുകയാണ്. കൂറ്റൻ കെട്ടിടങ്ങൾ നിലകൊണ്ടിരുന്നിടത്ത് തകർന്ന് കിടക്കുന്ന കോൺക്രീറ്റ് പാളികളും തീയും പുകയും. ഘടന വെച്ച് കെട്ടിടങ്ങളാണെന്ന് മനസ്സിലാക്കാൻ പറ്റുന്ന തരത്തിൽ വളരെ കുറച്ചെണ്ണം മാത്രം നിൽക്കുന്നുണ്ട്. ഉച്ചവെയിലിലും കറുത്ത പുക അന്ധകാരം സൃഷ്ടിച്ചിരുന്നു. ഇടിമിന്നലിനെ അനുകരിക്കുന്ന വിധം മിസൈലുകൾ വീണുകൊണ്ടിരുന്നു.

അകലെ നിർത്തിയിട്ടിരുന്ന ട്രക്കിലേക്ക് ഒരാൾ ഓടി കയറുന്നത് അവൾ കണ്ടു. പിന്നാലെ കൈക്കുഞ്ഞുമായി ഒരു അമ്മയും. കണ്ണുകൾ തിരുമ്മി അവൾ അങ്ങോട്ടേക്ക് നോക്കി. ഉറക്കെ അലറി വിളിച്ചു, പക്ഷേ ശബ്ദം പുറത്തുവന്നില്ല. അയാൾ ട്രക്ക് എടുത്ത് മുന്നിലേക്ക് പോകുന്നത് അവൾ നോക്കി നിന്നു. ഒരു മുപ്പത് മീറ്റർ മുന്നിലേക്ക് നീങ്ങിക്കാണണം, ആകാശത്തുനിന്നും ചൂളം വിളിച്ചുകൊണ്ടൊരു ഗോളം അതിന്റെ മുകളിലേക്ക് വന്ന് പതിച്ചു. ഭീകരശബ്ദത്തോടെ അത് പൊട്ടിത്തെറിച്ചു. നിമിഷനേരം കൊണ്ട് ആ ട്രക്കിനെ മുഴുവൻ തീ വിഴുങ്ങി. അവൾ നിസ്സഹായയായി നോക്കി നിന്നു. ശരീരം മുഴുവനായി മരവിച്ചപോലെ തോന്നി.

അവൾ തറയിൽ മലർന്നു കിടന്നു—എപ്പോൾ വേണമെങ്കിലും തന്നിലേക്ക് വന്ന് പതിക്കാവുന്ന മരണത്തെ കാത്തുകിടക്കുന്ന ഇരയെപ്പോലെ. തെളിഞ്ഞ നീലാകാശത്തെ കറുത്ത പുക പൂർണ്ണമായും വിഴുങ്ങിയിരുന്നു.

---

കവിത



# ഭ്രുതകാലം

റാഫി സി മുന്നിയൂർ

കവിത
മങ്ങിയ
ഓർമ്മ വന്നു
ഈ വാർദ്ധക്യം
പിന്നെയും
ബാക്കി
തന്നു
കണ്ട
കിനാവിലെല്ലാം
തലമുറകൾ
ആർത്തിരമ്പി..!

ഭ്രുതകാലം
എന്നിലെ
സ്വത്വം
നിജപ്പെടുത്തി
ഗ്രാമങ്ങളെല്ലാം
ഇന്നിന്റെ
വികസനം
കടമെടുത്തു
അതിൽ പിന്നെ
കാടും
നാടും മറഞ്ഞു..!

ആ നാളിൽ
ഞാൻ കണ്ട
നദികളും
നവരസ
വനികയും
അത്രമേൽ
കൗതുകം
എന്റെ
ബാല്യം.



## പത്താംതരം തുല്യതാപരീക്ഷ

# തുല്യതാക്കാഴ്ചകൾ



സംസ്ഥാന സാക്ഷരതാമിഷന്റെ തൃശ്ശൂർ ജില്ലയിലെ മസ്കുലാർ ഡിസ്ട്രോഫി ബാധിതയായ പത്താംതരം പഠിതാവ് അനീഷ അഷ്റഫ് പൊതുവിദ്യാഭ്യാസവകുപ്പിന്റെ പ്രത്യേക അനുമതിയോടെ വീട്ടിലിരുന്ന് തുല്യതാപരീക്ഷ എഴുതി. അനാരോഗ്യം മൂലമുള്ള വെല്ലുവിളികൾ കാരണം ഏറെ നാളായി ഇത്തരത്തിലൊരു അനുമതിക്കുള്ള ശ്രമത്തിലായിരുന്നു അനീഷ. സംസ്ഥാന സാക്ഷരതാമിഷന്റെയും, സാമൂഹ്യനീതി വകുപ്പിന്റെയും, പൊതുവിദ്യാഭ്യാസവകുപ്പിന്റെയും സംയുക്ത ഇടപെടലിലൂടെയാണ് അനീഷയ്ക്ക് അനുമതി നേടാൻ കഴിഞ്ഞത്.



കൊല്ലം ജില്ലയിലെ മുതിർന്ന പഠിതാക്കളിലൊരാളായ 65കാരൻ ശ്രീകുമാർ എസ്. തെങ്കാശി സ്വദേശിയായ ഇദ്ദേഹം ആഴ്ച തോറും തെങ്കാശിയിൽ നിന്നും യാത്ര ചെയ്താണ് കൊല്ലം ജില്ലയിലെ തേവന്നൂർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിൽ തുല്യതാക്ലാസ്സുകൾക്കായി എത്തിയിരുന്നത്. നിലവിൽ ഹയർ സെക്കണ്ടറി തുല്യതയ്ക്ക് ചേരാനുള്ള ഒരുക്കത്തിലാണ് ഇദ്ദേഹം.



കോഴിക്കോട് ജില്ലയിലെ പ്രായം കൂടിയ പഠിതാവായ സോമദാസ് പത്താംതരം തുല്യതാപരീക്ഷയ്ക്ക് ശേഷം



തിരുവനന്തപുരം ജില്ലയിലെ ചാല കിള്ളിപ്പാലം ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ പരീക്ഷയെഴുതിയ അക്ഷരശ്രീ പത്താംതരം തുല്യതാപഠിതാക്കൾ കോ-ഓർഡിനേറ്റർ സജീനക്കൊപ്പം



കേരള സംസ്ഥാന സാക്ഷരതാമിഷന്റെ തുല്യതാപദ്ധതിയിലൂടെ സുൽത്താൻ ബത്തേരി സർവജന ഹയർ സെക്കന്ററി സ്കൂളിൽ വീൽച്ചെയറിൽ പത്താംതരം തുല്യതാപരീക്ഷ എഴുതിയ അഷ്റഫ്. 2023ൽ ജോലിക്കിടയിൽ സംഭവിച്ച വീഴ്ചയിൽ നട്ടെല്ല് തകർന്നതോടെയാണ് അഷ്റഫിന് നെഞ്ചിന് താഴേക്ക് ചലനശേഷി നഷ്ടമായത്. ഇനി ഹയർ സെക്കന്ററി തുല്യതാപരീക്ഷ പാസ്സായി ഭാവിയിൽ ഒരു ജോലി നേടുക എന്നതാണ് അഷ്റഫിന്റെ ലക്ഷ്യം.



കോട്ടയം ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ പരീക്ഷയെഴുതിയ സേവാഗ്രഹം, അനുഗ്രഹ എന്നീ സ്പെഷ്യൽ സ്കൂളിലെ പഠിതാക്കൾ ജില്ലാ പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ഡോ. വി വി മാത്യു, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഡോ. ജസ്റ്റിൻ ജോസഫ്, അനുഗ്രഹ സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പാൾ ക്ലീറ്റസ് ടോം, സേവാഗ്രഹം സ്പെഷ്യൽ സ്കൂൾ അധ്യാപിക ശ്രീമതി പ്രശാന്തി എന്നിവർക്കൊപ്പം. പഠിതാക്കളിലെ ഇരട്ടകളായ റോസ്മരിയ, ഫിൽസ്മരിയ എന്നിവർ 2025ലെ സ്പെഷ്യൽ ഒളിംപിക്സിൽ ബാസ്കറ്റ്ബാൾ, വോളീബോൾ എന്നീ കായിക ഇനങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുണ്ട്.



മലപ്പുറം ഗവ. ഹയർ സെക്കന്ററി സ്കൂളിൽ പത്താംതരം തുല്യതാപരീക്ഷ എഴുതിയ ജില്ലയിലെ പ്രായം കൂടിയ പഠിതാവായ യഹ്യ വില്ലൻ പരീക്ഷയ്ക്ക് ശേഷം ജില്ലാ കോ - ഓർഡിനേറ്ററായ ശാസ്തപ്രസാദിനൊപ്പം ചോദ്യപേപ്പർ ചർച്ചയിൽ



പത്തനംതിട്ട കുളനട പഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂളിൽ പത്താംതരം തുല്യതാപരീക്ഷ എഴുതിയ വനിതകൾ പ്രേരകായ ശ്രീമതി ഗീതയോടൊപ്പം. ഇവരിൽ ഭൂരിഭാഗവും തൊഴിലുറപ്പ്, ഹരിതകർമ്മസേന, സ്വയംതൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവരാണ്

കഥ



സമദ് പനയപ്പള്ളി

# ആൾക്കൂട്ടം



നഗര നിരത്തിലെ ആൾക്കൂട്ടത്തെ കണ്ട് എന്താകുമെന്ന ജിജ്ഞാസയോടെ നോക്കുമ്പോൾ ഒരു യുവാവ് ഒരു കയ്യിൽ മണ്ണെണ്ണ നിറച്ച കാനും മറുകയ്യിൽ തീപ്പെട്ടിയുമായ് നിൽക്കുന്നു. എന്ത് ഭ്രാന്താണിയാൾ കാണിക്കുന്നതെന്ന് ഞാനുച്ചത്തിൽ ചോദിക്കവേ ആൾക്കൂട്ടത്തിലൊരാൾ പറഞ്ഞു.

"രസം കെടുത്താതെ ചങ്ങാതി. നിങ്ങൾക്കീ കാഴ്ച കാണാൻ കരുത്തില്ലെങ്കിൽ  സ്ഥലം വിട്ടോ......"

മൊബൈൽ ഫോണുകൾ ഓണാക്കി അടുത്ത നിമിഷമെന്ത് സംഭവിച്ചാലുമത് പകർത്താനൊരുങ്ങി നിൽക്കുകയാണ് ആൾക്കൂട്ടം. പെട്ടന്നാണ് അയാൾ ദേഹത്തേക്ക് കാനിലെ മണ്ണെണ്ണ മുഴുവൻ ഒഴിച്ചതും തീപ്പെട്ടിയുരച്ച് തീ കൊടുത്തതും. ഇത് കണ്ട് ആളുകൾ ആരവം മുഴക്കി. കയ്യടിച്ചു. ചൂളം വിളിച്ചു.....

അയാൾ പൂത്തിരി കത്തും പോലെ അവർക്ക് മുന്നിൽ നിന്ന് കത്തി......

തങ്ങൾക്ക് മുന്നിൽ കത്തിയൊടുങ്ങുന്നതൊരു ജീവിതമാണെന്ന് എന്താണാരും ഓർക്കാത്തത്. ഇതെന്ത് കാലമാണ് ഈശ്വരാ......

ഒരാൾ എന്നെ തോണ്ടി പറഞ്ഞു.

"ഫോണില്ലേ ചങ്ങാതി. ഇതൊന്നുമിനി പകർത്താനാവില്ലാട്ടോ. കിട്ടുന്ന അവസരം പാഴാക്കാതെ. നല്ല റീച്ച് കിട്ടുന്ന കാര്യമാ..."

ഞാനപ്പോൾ അറുപ്പുണർത്തുന്ന മൃഗത്തെ എന്ന പോലെ അയാളെ നോക്കുമ്പോൾ അയാളെന്നെ അവഗണിച്ച് കൺമുന്നിൽ നടക്കുന്ന ക്രൂരതയെ തന്നെ കണ്ട് നിന്നു....

കവിത



ശ്രീവരാഹം മുരളി

# സ്നേഹത്തിൻ കൈച്ചില്ലകൾ



നിലാവിൻ പ്രണയസുരഭില സൗരഭ്യം
വാർന്നൊഴുകും രാവുത്സവങ്ങളിൽ
ഇളംതെന്നലിൻ ശീതളമേനി
മൂടുമീയാകാശപ്പൂന്തോപ്പിൽ
സ്വപ്നരഥങ്ങളിലേറുന്ന
രാഗർദ്രരാം ഗന്ധർവ്വകുമാരർ.
ഇരുളിന്നഗാധതയിൽ
അഭിരമിച്ചീടുമഹന്തയിൽ യക്ഷിക്കൂട്ടം
കാട്ടുചോലയിൽ നിഴലുകൾക്കൊപ്പം
നൃത്തമാടും വഴികളിൽ
മനസ്സിൻകണ്ണുകൾ തുറന്നു നാം യാത്രപോകുന്ന
നാട്ടുവഴികൾ പൂത്തിടങ്ങളിൽ
സൂര്യഗാത്രികൾ കൺതുറക്കും വഴിത്താരയിൽ
യാത്രനീളുന്ന വീഥിയിലാകവേ
ചിന്തകൾപ്പൂക്കുന്ന നിമിഷങ്ങളിലെത്രയും
ഹൃദ്യമാം സ്വാഗതം വരുന്നോർക്കെല്ലാം!
വൻമരങ്ങളെത്ര പടർന്നു പന്തലിച്ചു വസിക്കുന്ന
നദിക്കരയിൽ,
വേരുകൾപ്പിണച്ചതിൻ സ്നേഹത്താൽപ്പടരുന്നവ ,
പരസ്പര്യത്തിൻപ്പുതുമഴ
നനഞ്ഞാശ്ലേഷിപ്പൂ ഗാഢമായി.
ചില്ലകളുരുമ്മിയും
വള്ളികളിൽപ്പടർന്നും
ആലിംഗനബദ്ധരായിപ്പാടുന്നൂ
പ്രണയവും വിരഹവും.
നദീമുഖങ്ങളിൽ
മുങ്ങിയർച്ചിക്കുന്നു ഭൂമിക്കായി
ജീവവായുവിൻ നറുപുഷ്പങ്ങൾ,
നിറയ്ക്കുന്നു വസന്തത്തിൻ പൂക്കുടകൾ
തെരുതെരെ.
നോക്കുക, മനുഷ്യരേ
സ്നേഹത്തിൻ കൈച്ചില്ലകൾ
വീശീടുന്നവ നമ്മൾ സഹജീവികൾക്കായി!

ലേഖനം



ഗംഗ കാവാലം

# അക്ഷരവെളിച്ചത്തിൽ നവകേരളം: ഡിജിറ്റൽ യുഗത്തിലെ സാക്ഷരത



**കേ**രളത്തിന്റെ സാമൂഹിക പുരോഗതിയുടെ ചരിത്രം പരിശോധിച്ചാൽ അതിന്റെ അടിത്തറയായി നിലകൊള്ളുന്നത് സാക്ഷരതയാണ്. കേരള സംസ്ഥാന സാക്ഷരതാമിഷൻ ലോകത്തിന് തന്നെ മാതൃകയായ ഒരു പ്രസ്ഥാനമാണ്. കേവലം അക്ഷരം പഠിപ്പിക്കുക എന്ന ലക്ഷ്യത്തിൽ നിന്ന് ഉയർന്ന്, സാമൂഹ്യ അവബോധവും ജനാധിപത്യബോധവും മനുഷ്യാവകാശ ചിന്തയും വളർത്തുക എന്ന വലിയ ദൗത്യമാണ് ഈ മിഷൻ ഏറ്റെടുത്തത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിലേക്ക് കടക്കുമ്പോൾ, 'അക്ഷരം' എന്ന ആശയത്തെ തന്നെ പുതുതായി നിർവചിക്കേണ്ട ഒരു ഘട്ടത്തിലാണ് കേരളം. വായിക്കാനും എഴുതാനും അറിയുക എന്നത് മാത്രമല്ല ഇന്ന് സാക്ഷരത; അതിജീവനത്തിനും മുന്നേറ്റത്തിനും അനിവാര്യമായ ഡിജിറ്റൽ, സാമ്പത്തിക, ആരോഗ്യ സാക്ഷരതകൾ ഉൾക്കൊള്ളുന്ന സമഗ്ര അറിവാണ് ഇന്നത്തെ സാക്ഷരത. ഈ പുതിയ അറിവുകൾ ഓരോ പൗരനിലേക്കും എത്തിച്ചാൽ മാത്രമേ ശരിയായ അർത്ഥത്തിൽ ഒരു നവകേരളം സൃഷ്ടിക്കാൻ കഴിയൂ.

## ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം

ഇന്നത്തെ ലോകം ഒരു വിരൽത്തുമ്പിലാണ്. സർക്കാർ സേവനങ്ങൾ മുതൽ ബാങ്കിംഗ്, വിദ്യാഭ്യാസം, തൊഴിൽ അവസരങ്ങൾ, വാർത്താവിനിമയം വരെ എല്ലാം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് മാറിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഡിജിറ്റൽ സാക്ഷരതയില്ലാത്ത ഒരാൾ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പിന്നിലാകുന്ന അവസ്ഥയാണ് ഉണ്ടാകുന്നത്. സാക്ഷരതാക്ലാസുകളിൽ മൊബൈൽ ഫോൺ ഉപയോഗം, ഇന്റർനെറ്റ് അടിസ്ഥാന ജ്ഞാനം, ഇ-ഗവേണൻസ് സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന വിധം, ഓൺലൈൻ തട്ടിപ്പുകളെ തിരിച്ചറിയാനുള്ള കഴിവ്, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകേണ്ടത് ഇന്നത്തെ അനിവാര്യതയാണ്. ഡിജിറ്റൽ വിദ്യാഭ്യാസം സാധാരണക്കാരെ സർക്കാർ സേവനങ്ങളുമായി ബന്ധിപ്പിക്കുകയും, വിവരങ്ങൾ കൃത്യമായി മനസ്സിലാക്കാനും ശരിയായ തീരുമാന

ങ്ങൾ എടുക്കാനും സഹായിക്കുകയും ചെയ്യുന്ന അതോടൊപ്പം, പുതിയ തൊഴിലവസരങ്ങൾ നേടാനും, ചെറുകിട കച്ചവടങ്ങൾ ഓൺലൈനിലേക്ക് മാറ്റാനും ഡിജിറ്റൽ സാക്ഷരത വലിയ പിന്തുണ നൽകുന്നു.

## ആരോഗ്യവും സാമ്പത്തിക സാക്ഷരതയും



സമീപകാല മഹാമാരിയുടെ അനുഭവങ്ങൾ നമ്മെ പഠിപ്പിച്ച ഏറ്റവും വലിയ പാഠങ്ങളിലൊന്നാണ് ആരോഗ്യ സാക്ഷരതയുടെ പ്രാധാന്യം. അടിസ്ഥാന ശുചിത്വബോധം, രോഗപ്രതിരോധ മാർഗങ്ങൾ, പകർച്ചവ്യാധികളെക്കുറിച്ചുള്ള ശാസ്ത്രീയ അറിവ്, വ്യാജവാർത്തകളെയും തെറ്റായ ചികിത്സാ പ്രചാരണങ്ങളെയും തിരിച്ചറിയാനുള്ള കഴിവ് എന്നിവ സാക്ഷരതാ പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകങ്ങളാകണം.

അതുപോലെ തന്നെ, സാമ്പത്തിക സാക്ഷരതയില്ലാതെ ഒരു വ്യക്തിക്കും കുടുംബത്തിനും സ്ഥിരതയുള്ള മുന്നേറ്റം സാധ്യമല്ല. ലളിതമായ ബാങ്കിംഗ് ഇടപാടുകൾ, ഡിജിറ്റൽ പേയ്മെന്റുകൾ, വായ്പകളുടെ അടിസ്ഥാന ധാരണ, നിക്ഷേപ മാർഗങ്ങളെക്കുറിച്ചുള്ള അറിവ്, സർക്കാർ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളിലൂടെ സാധാരണ ജനങ്ങളിലേക്ക് എത്തിക്കണം. ഇതിലൂടെ വ്യക്തികൾ സാമ്പത്തികമായി ശാക്തീകരിക്കപ്പെടുകയും കുടുംബങ്ങളുടെ സുരക്ഷിതത്വം വർദ്ധിക്കുകയും ചെയ്യും.

## തുടർവിദ്യാഭ്യാസത്തിലൂടെ സാമൂഹിക മുന്നേറ്റം

സാക്ഷരതാ മിഷന്റെ തുടർവിദ്യാഭ്യാസ പദ്ധതികൾ കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിൽ നിർണായക പങ്കുവഹിക്കുന്നു. പ്രായമായവരും വിവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും സ്കൂൾ തുല്യതാപരീക്ഷകൾ എഴുതി വിജയിക്കുന്നത് സംസ്ഥാനത്തിന്റെ അഭിമാനമാണ്. പഠനം ഒരാളുടെ സ്വയം ആദരവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നു. വിദ്യാഭ്യാസം നേടിയ അമ്മമാർ അവരുടെ കുട്ടികളുടെ പഠനത്തെ കൂടുതൽ ഗൗരവത്തോടെ കാണുകയും കുടുംബത്തിൽ വിദ്യാഭ്യാസ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇങ്ങനെ, ഒരാളുടെ പഠനം ഒരു കുടുംബത്തെയും, ആ കുടുംബത്തിലൂടെ ഒരു സമൂഹത്തെയും പരിവർത്തനം ചെയ്യുന്ന ശക്തിയായി മാറുന്നു. സാക്ഷരതാമിഷന്റെ ഈ പ്രവർത്തനങ്ങൾ സാമൂഹിക നീതിയുടെയും സമത്വത്തിന്റെയും ദിശയിൽ കേരളത്തെ മുന്നോട്ട് നയിക്കുന്നു.

**സാക്ഷരതാ മിഷന്റെ തുടർവിദ്യാഭ്യാസ പദ്ധതികൾ കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിൽ നിർണായക പങ്കുവഹിക്കുന്നു. പ്രായമായവരും വിവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും സ്കൂൾ തുല്യതാപരീക്ഷകൾ എഴുതി വിജയിക്കുന്നത് സംസ്ഥാനത്തിന്റെ അഭിമാനമാണ്.**


കേരള സംസ്ഥാന സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങൾക്കിടയിലേക്ക് എത്തേണ്ടത് അനിവാര്യതയാണ്. നിലവിലുള്ളത് പോലെ തന്നെ ഡിജിറ്റൽ, ആരോഗ്യ, സാമ്പത്തിക സാക്ഷരതകൾക്ക് സമാന പ്രാധാന്യം നൽകി മുന്നോട്ട് പോയാൽ, എല്ലാവർക്കും സമാന അവസരങ്ങൾ ലഭിക്കുന്ന, വിജ്ഞാനത്തെയും വിവേകത്തെയും വിലമതിക്കുന്ന, യഥാർത്ഥത്തിൽ സാക്ഷരമായ ഒരു നവകേരളം നമുക്ക് സൃഷ്ടിക്കാൻ കഴിയും. ഇതിലൂടെ വ്യക്തികളുടെ ജീവിതനിലവാരം ഉയരുന്നതോടൊപ്പം സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയും ഉറപ്പാക്കാനാകും. അറിവ് അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ എടുക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്നത് വികസനത്തിന്റെ അടിസ്ഥാന ശിലയായിരിക്കും. അക്ഷരവെളിച്ചം പകരുന്ന ഈ മുന്നേറ്റം കേരളത്തിന്റെ ഭാവിയെ കൂടുതൽ ശക്തവും സമൃദ്ധവുമാക്കും, തലമുറകൾക്കായി സ്ഥിരതയുള്ള വളർച്ചയുടെ പാത തുറക്കുകയും ചെയ്യും.

കഥ



മിനി മോഹനൻ

# കാലം നൽകുന്ന മധുരക്കനികൾ



ഫോണടിക്കുന്നതുകേട്ടാണ് നീന അടുക്കളയിൽനിന്നെത്തിയത്. ആഹാ! തൃഷയാണ്. ഒരുപാടുനേരത്തെ സംസാരം. എത്ര സന്തോഷവതിയാണിന്നവൾ! നീനയുടെ ഓർമ്മകൾ വളരെ പിന്നിലേക്കുപോയി. ട്രാൻസ്ഫറായിവന്ന ഭർത്താവിനോടൊപ്പം മോനെയും കൊണ്ട് മുംബൈയിൽ എത്തിയ നാളുകൾ! കരിമ്പിൻജ്യൂസ് കടയിൽ രവിക്കും കുഞ്ഞുമോനുമൊപ്പം ജ്യൂസിന് കാത്തിരിക്കുമ്പോഴാണ് എതിർവശത്തെ മേശക്കപ്പുറത്തിരുന്നു ജ്യൂസ് കുടിക്കുന്ന പെൺകുട്ടിയുടെ കണ്ണിൽ നീനയുടെ കണ്ണുകളുടക്കിയത്. അവൾ തന്നെത്തന്നെ സാകൂതം നോക്കിയിരിക്കുന്നല്ലോ എന്നത് നീനയ്ക്കു കൗതുകമായി. ശ്രദ്ധിക്കുന്നു വെന്നുകണ്ടപ്പോൾ അവൾ വേഗം എഴുന്നേറ്റ് അടുത്തേക്കുവന്നു. “താങ്കൾ എന്റെ അമ്മയായിരിക്കുമോ?" മുഖവുരയൊന്നുംകൂടാതെ മുംബൈഹിന്ദിയിൽ അവൾ ചോദിച്ചു. ഒരുനിമിഷം പകച്ചുപോയി. രവിയും നീനയും മുഖത്തോടു മുഖംനോക്കി.

" കുട്ടീ, നിനക്കെത്രവയസ്സുണ്ട് ?" രവിയുടെ ചോദ്യം പെൺകുട്ടിയുടെ നേർക്ക്”

. " 18 " അവൾ പറഞ്ഞു.

" അപ്പോൾപ്പിന്നെ 25 വയസ്സുള്ള ഇവൾക്ക് നിന്റെ അമ്മയാവാൻ കഴിയില്ല. ഏഴുവയസ്സിൽ ഒരു പെൺകുട്ടിക്ക് പ്രസവിക്കാനാവില്ല. " രവി അതുപറഞ്ഞ് അവളെനോക്കി പുഞ്ചിരിച്ചു. നിരാശയോടെ അവൾ നടന്നുനീങ്ങി. മറ്റൊരുദിവസം നീന കുഞ്ഞിനെയുമെടുത്ത് പാലുവാങ്ങുന്ന തബേല (തൊഴുത്ത്) യിൽ ക്യൂ നിൽക്കുമ്പോൾ തൊട്ടുപിന്നിൽ അവൾ വന്നുനിന്നു. ഇത്തവണ കണ്ടതേ അവൾ ചിരപരിചിതയെപ്പോലെ നിറഞ്ഞൊരു ചിരി സമ്മാനിച്ചുകൊണ്ടു ചോദിച്ചു.

"ആന്റി മലയാളിയല്ലേ"

"അതേ"

പിന്നെയവൾ കുഞ്ഞിനെനോക്കി അവനോട് എന്തൊക്കെയോ കളിചിരികൾ പറഞ്ഞു. അവനും അവളെനോക്കി ചിരിക്കുകയും കൈ കൊട്ടുകയും തലയാട്ടുകയുമൊക്കെ ചെയ്തുകൊണ്ടിരുന്നു. നീന പാലുവാങ്ങിപ്പോകാൻ തുടങ്ങുമ്പോൾ അവൾ പറഞ്ഞു

"ആന്റീ, എന്റെ അമ്മയും മലയാളിയാ" ഹിന്ദിപറയാൻ

അത്ര വശമില്ലാതിരുന്നതുകൊണ്ടു നീന തിരിച്ചൊന്നും പറയാതെ ഒന്ന് പുഞ്ചിരിക്കമാത്രം ചെയ്തു. പിന്നെയും ദിവസങ്ങൾ ഓടിമറഞ്ഞുകൊണ്ടിരുന്നു. മുംബൈ ജീവിതം നീനയ്ക്കും കുഞ്ഞിനും പരിചിതമായിക്കൊണ്ടിരുന്നു. ഭാഷയും മെല്ലെ വഴങ്ങിവന്നു. ഒരുദിവസം നീന ബേക്കറിയിൽ നിൽക്കുമ്പോഴാണ് വീണ്ടും അവളെ കണ്ടുമുട്ടിയത്. വർണ്ണക്കടലാസൊട്ടിച്ച കാർട്ടൻബോക്സുകളുടെ ഒരു വലിയ കെട്ടുമായാണ് അവൾ അവിടെ വന്നത്. പെട്ടെന്ന് ബേക്കറിയുടെ അകത്തുന്നൊന്നൊരു പയ്യൻവന്ന് അതെടുത്തുകൊണ്ടുപോയി. കൗണ്ടറിൽ ഇരുന്നയാൾ അവൾക്കു പണവും കൊടുക്കുന്നതുകണ്ടു. ആവശ്യമുള്ള സാധങ്ങൾ വാങ്ങി നടക്കുമ്പോൾ ആന്റീ എന്നുവിളിച്ച് അവളും ഒപ്പം കൂടി. മോന്റെ നേരേ കൈനീട്ടിയപ്പോൾ അവൻ ചിരിച്ചുകൊണ്ട് ചാടിച്ചെന്നു. പിന്നെ അവൾ വർത്തമാനം പറഞ്ഞുകൊണ്ടേയിരുന്നു. തൃഷ എന്നാണവളുടെ പേര്.പതിനൊന്നാം ക്ലാസ്സിൽ പഠിത്തം നിർത്തി. വീട്ടിലിരുന്ന് പലപല ജോലികൾ ചെയ്യുന്നു. വലിയ സുന്ദരിയൊന്നുമല്ലെങ്കിലും ഓമനത്തമുള്ള മുഖം. നിഷ്കളങ്കമായ ചിരി. എവിടെയോ കണ്ടുമറന്ന മുഖം എന്ന് നീനയ്ക്കു തോന്നി.

പിന്നെ പലയിടത്തും അവളെക്കണ്ടു. സംസാരിച്ചുസംസാരിച്ചു നല്ല കൂട്ടായി. തൃഷ പഠിക്കാൻ മടികാണിച്ചതെന്തെന്നു നീന ചിന്തിക്കാതിരുന്നില്ല. പക്ഷേ ചോദിച്ചതുമില്ല.

ഒരുദിവസം അവൾ വീട്ടിലേക്കു ക്ഷണിച്ചു. നീനയുടെ ബിൽഡിങ്ങിൽനിന്ന് കുറച്ചകലെയായുള്ള ഒരു പഴയ മൂന്നുനിലക്കെട്ടിടത്തിലെ മുകൾനിലയിലെ ഫ്ലാറ്റ്. പടികൾ കയറി മുകളിലേക്കു നടക്കുമ്പോൾ പേടിതോന്നാതിരുന്നില്ല. ആകെക്കൂടെ പഴമയുടെയും ദാരിദ്ര്യത്തിന്റെയും ധാരാളിത്തമുള്ളൊരു ദ്രവിച്ചു തുടങ്ങിയ കെട്ടിടം. പൊടിയും അഴുക്കും നിറഞ്ഞതാണു ചുറ്റുപാടെങ്കിലും തുടച്ചു വൃത്തിയാക്കിയിട്ടിരിക്കുന്ന ഒരു വാതിൽ തുറന്ന് തൃഷ അകത്തേക്ക് കയറി. വീടിനുള്ളിലും ദാരിദ്ര്യത്തിന്റെ ദൃശ്യങ്ങളാണ്. സോഫയിലിരുന്ന് ഒരു വൃദ്ധൻ ടിവി കാണുന്നുണ്ട്. ചേർന്നൊരു വടിയും. തൃഷയുടെ മുത്തച്ഛനാണ്.

അകത്തുനിന്ന് ദയനീയമായ സ്വരത്തിൽ ആരോ എന്തോ വിളിച്ചുചോദിക്കുന്നുണ്ട്. തൃഷ എന്തോ വിളിച്ചുപറഞ്ഞു. അതാണവളുടെ മുത്തശ്ശി. രണ്ടുവർഷമായി കിടപ്പിലാണ്. പത്താംക്ളാസ്സിൽ 92 ശതമാനം മാർക്കുണ്ടായിരുന്നിട്ടും അവരെ നോക്കാനാണത്രേ അവൾ പഠിപ്പു നിർത്തിയത്. മുത്തശ്ശനും തീരെ വയ്യ. വടിയില്ലാതെ നടക്കാനാവില്ല. അതുകൊണ്ടു രണ്ടുപേർക്കും തുണയായി അവൾ എപ്പോഴും അടുത്തുണ്ടാവണം. പുറത്തുപോയി ജോലിചെയ്യാനാവാത്തതുകൊണ്ടു വീട്ടിലിരുന്നു ചെയ്യാവുന്ന ജോലികളൊക്കെ ചെയ്യുന്നു. കാർട്ടൺ ബോക്സുകൾ, തുണികൊണ്ടുള്ള പൂക്കൾ, പൂമാലകൾ എന്നിവയൊക്കെ നിർമ്മിച്ചുകൊടുക്കും. കുറച്ചുസമയം ചെറിയ കുട്ടികൾക്ക് ട്യൂഷൻ ക്ളാസ് നടത്തും. അങ്ങനെയൊക്കെ ഭക്ഷണത്തിനും മരുന്നിനുമൊക്കെ വക കണ്ടെത്തുന്നു.

പെട്ടെന്നാണ് ഭിത്തിയിലെ ഒരു ഫോട്ടോ നീനയുടെ കണ്ണിൽപ്പെട്ടത്. ഒരു സ്ത്രീയും പുരുഷനും . അവളുടെ ഏകദേശരൂപമുള്ളൊരു സ്ത്രീ. ഒറ്റനോട്ടത്തിൽ നീനയാണെന്നു പറയും.

"ഇതാണെന്റെ അച്ഛനും അമ്മയും" തൃഷ ഒരുഗ്ലാസ്സ് വെള്ളം കൊടുത്തുകൊണ്ട് പറഞ്ഞു.

ഇതേ മുഖച്ഛായയുള്ള ഒരു പെൺകുട്ടിയുടെ ഫോട്ടോ തന്റെ വീട്ടിലും ഉണ്ടല്ലോയെന്നവൾ ഓർത്തു.

" ആന്റീ, എന്റെ അമ്മയെക്കണ്ടാൽ ആന്റിയെപ്പോലെ തോന്നുന്നില്ലേ?" അവൾ ചെറിയൊരു കണ്ണാടിയുമായി വന്നു. നീനയ്ക്ക് ആകെ ഒരമ്പരപ്പായി. തൃഷ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. നീനയ്ക്ക് ഒന്നും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

മോൻ ശാഠ്യം തുടങ്ങിയതുകൊണ്ടു നീന വേഗം അവിടെനിന്നു മടങ്ങി.

വീട്ടിലേക്കു നടക്കുന്നവഴിയിൽ തൃഷയുടെ വീട്ടിൽക്കണ്ട ഫോട്ടോ ആയിരുന്നു നീനയുടെ ചിന്തയിലത്രയും. ഒടുവിൽ അവൾക്കു നേരിയൊരോർമ്മവന്നു. മാലിനിയപ്പച്ചി. നാലോ അഞ്ചോ വയസ്സുള്ളപ്പോൾ കണ്ട ഓർമ്മയേയുള്ളു. പിന്നെ ഫോട്ടോകൾ മാത്രമാണ് കണ്ടിട്ടുള്ളത്. അതും കുട്ടിക്കാലത്തുമാത്രം. ആ ഫോട്ടോ കാണുമ്പോഴേ അച്ഛമ്മയുടെ കണ്ണു നിറയുമായിരുന്നു. നീനയ്ക്ക് മാലിനിയപ്പച്ചിയുടെ ഛായായായിരുന്നു എന്നു അച്ഛമ്മ പലപ്പോഴും പറഞ്ഞിരുന്നത് അവളോർത്തു. തൃഷ മാലിനിയപ്പച്ചിയുടെ മകളാണ്. തന്റെ അനിയത്തി. നീനയുടെ മനസ്സിൽ വല്ലാത്തൊരു കുളിരോ തണുപ്പോ ചൂടോ ഒക്കെ ഒന്നിച്ചനുഭവപ്പെട്ടു. രക്തം രക്തത്തെ തിരിച്ചറിയുന്ന ഒരസുലഭനിമിഷം!

പറഞ്ഞുകേട്ട കഥയാണ്. മാലിനി- അച്ഛന്റെ ഒരേയൊരു സഹോദരി. കോഴിക്കോട് ആർ ഇ സി യിൽ പഠിക്കുമ്പോൾ മുംബൈക്കാരനായ രോഹിത് കുൽക്കർണി എന്ന സീനിയർ വിദ്യാർത്ഥിയുമായി പ്രണയത്തിലായത്രേ. അച്ചച്ചൻ കലിതുള്ളി. അങ്ങനെയൊന്നു ചിന്തിക്കാനേ തറവാടിയായ അച്ചച്ചന് കഴിയുമായിരുന്നില്ല. മകൾ തുടർന്നുപഠിക്കേണ്ടാ എന്നായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. അച്ഛനും മറ്റു ബന്ധുക്കളുമൊക്കെ ഒരുപാടു നിർബ്ബന്ധിച്ചാണ് അതിൽനിന്നു പിന്തിരിപ്പിച്ചത്. രോഹിതുമായുള്ള ബന്ധം തുടരാൻ പാടില്ലെന്നുള്ള സുഗ്രീവാജ്ഞ നൽകിയാണ് അപ്പച്ചിയുടെ പഠിത്തം തുടരാൻ അച്ചച്ചൻ അനുവദിച്ചത്.

കൽകർണ്ണികുടുംബം വർഷങ്ങളായി കൊച്ചിയിൽ എന്തോ ബിസിനസ്സ് നടത്തിവന്നിരുന്നു. രോഹിത് കോഴിക്കോട് പഠിക്കാനെത്തിയ സമയത്താണ് പിതാവിന്റെ ബിസിനസ്സ് തകർച്ചിയിലായതും കുടുംബം മുംബൈയിലേക്ക് പോയതും. മെക്കാനിക്കൽ എഞ്ചിനിയറിങ്ങിൽ ബിരുദംനേടി രോഹിത് മുംബൈയിലെത്തി നല്ല ജോലിയിലുമായി. അപ്പച്ചിയുടെ പഠിപ്പ് കഴിഞ്ഞപ്പോൾ ആരുമറിയാതെ രോഹിത് ഹോസ്റ്റലിൽ വന്ന മുംബൈയിലേക്ക് കൂട്ടിക്കൊണ്ടുപോയത്രേ! അവിടെയെത്തി അപ്പച്ചി പലതവണ കത്തെഴുതി. ആരും മറുപടി എഴുതരുതെന്ന് അച്ചച്ചൻ കർശനമായി വിലക്കി. ഒടുവിൽ അപ്പച്ചിയുടെ കത്തുവരുന്നത് നിന്നു. പിന്നീടുള്ള കാര്യങ്ങളൊന്നും ആരും അറിഞ്ഞിരുന്നില്ല.

കാലങ്ങൾ കഴിഞ്ഞപ്പോൾ അപ്പച്ചിയെ വിളിക്കണമെന്നും തിരികൊണ്ടുവരണമെന്നും നീന യുടെ അച്ഛമ്മയും അച്ചച്ചനും അച്ഛനുമൊക്കെ ആഗ്രഹിച്ചെങ്കിലും അവരെക്കുറിച്ച് ഒരു വിവരവും ഉണ്ടായിരുന്നില്ല. ഒരുപാടു തിരക്കിയെങ്കിലും കൽക്കർണികുടുംബത്തെക്കുറിച്ച് ഒരു വിവരവും കിട്ടിയില്ല. അപ്പച്ചിയുടെ കഥ ഒരു അടഞ്ഞ അദ്ധ്യായമായി മാറുകയായിരുന്നു. എങ്കിലും കുടുംബസ്വത്തിൽ അവരുടെ ഭാഗം അവർക്കായിത്തന്നെ അച്ചച്ചൻ മാറ്റിവെച്ചി ട്ടുണ്ടായിരുന്നു, എന്നെങ്കിലും മടങ്ങിവന്നാൽ കൊടുക്കാൻ.

അടുത്തദിവസം നീന വീണ്ടും തൃഷയുടെ വീട്ടിലെത്തി. ഹൃദയത്തിൽ സ്നേഹം നിറഞ്ഞൊഴുകുകയാണ്. തൃഷ വാതിൽ തുറന്നതും നീന അവളെ മുറുകെപ്പുണർന്നു. ഒരു ജന്മസ്നേഹം മുഴുവൻ പകർന്ന് അവളെ തെരുതെരെ ചുംബിച്ചു. പിന്നെ പൊട്ടിപ്പൊട്ടിക്കരഞ്ഞു. തൃഷയ്ക്ക് ആകെ അമ്പരപ്പായിരുന്നു. നീന കഥകളൊക്കെ പറഞ്ഞുകേൾപ്പിച്ചു. തൃഷയും കരഞ്ഞുകൊണ്ടാണ് ഒക്കെ കേട്ടത്.

മുംബൈയിലെത്തിയശേഷം മാലിനിയപ്പച്ചിക്ക് എന്തുസംഭവിച്ചുവെന്നറിയാൻ നീനയ്ക്ക് ആകാംക്ഷ യായി.

തൃഷ കുറേസമയം ഒന്നും മിണ്ടാതിരുന്നശേഷം പറഞ്ഞുതുടങ്ങി. എല്ലാം മറ്റുള്ളവർ പറഞ്ഞുകേട്ട അറിവുകളാണ്. മുംബൈയിൽ അവളുടെ അമ്മയ്ക്ക് അത്ര നല്ല സ്വീകരണമൊന്നുമായിരുന്നില്ല ലഭിച്ചത്. ഉയർന്ന വിദ്യാഭ്യാസയോഗ്യതയുണ്ടായിട്ടും അവളെ ജോലിക്കു പോകാൻ രോഹിതിന്റെ മാതാപിതാക്കൾ അനു വദിച്ചില്ല. തൃഷയുടെ മുത്തശ്ശിയും രോഹിതിന്റെ സഹോദരിയും മാലിനിയെ നന്നായി ഉപദ്രവിക്കുമായിരുന്നു. എപ്പോഴും ശകാരം. തരംകിട്ടുമ്പോഴൊക്കെ ദേഹോപദ്രവവും. ഒക്കെ സഹിച്ചും ക്ഷമിച്ചും കഴിഞ്ഞു ആ പാവം. ഒടുവിൽ തൃഷ ജനിച്ചതോടെ ഉപദ്രവം കൂടുതലായി. പെൺകുഞ്ഞിനെ പ്രസവിച്ചവളാണത്രേ! തൃഷയ്ക്ക് അമ്മയുടെ കണ്ണീരുണങ്ങാത്ത മുഖമാണ് ഓർമ്മയിലുള്ളത്. പിന്നെ പരിചയമുള്ളത് ആ പഴയ ഫോട്ടോയിലെ മുഖവും അവൾക്ക് അഞ്ചോ ആറോ വയസ്സുള്ളപ്പോൾ ഒരുദിവസം അച്ഛനും അമ്മയുമായും വലിയ വഴക്കുണ്ടായി. അമ്മ എന്തൊക്കെയോ ഉച്ചത്തിൽ പറഞ്ഞു. അച്ഛൻ അമ്മയെ പൊതിരെത്തല്ലി. കുറേനേരം അമ്മ തൃഷയെ ചേർത്തുപിടിച്ച് കരഞ്ഞു. ഒടുവിൽ അവൾ ഉറങ്ങിപ്പോയി. പിറ്റേന്ന് അമ്മ അവിടെയുണ്ടായിരുന്നില്ല. എന്താണുണ്ടായതെന്ന് ഇപ്പോഴും അവൾക്കറിയില്ല. അമ്മ വീടുവിട്ടുപോയി എന്നാണ് മുത്തശ്ശിയും മറ്റുള്ളവരും തൃഷയോടു പറഞ്ഞത്. ആരും അവളുടെ അമ്മയെ അന്വേഷിച്ചതുമില്ലത്രേ! ആരുമില്ലാത്ത ഒരുവളെ ആരന്വേഷിക്കാൻ!

അമ്മ ഈ മഹാനഗരത്തിൽ എവിടെയെങ്കിലും സുഖമായി ജീവിച്ചിരിക്കുന്നു എന്നാണ് അവൾ ഇപ്പോഴും വിശ്വസിക്കുന്നത്. അമ്മ പോയതോടെ അച്ഛന്റെയും രീതികളാകെ മാറി. മദ്യത്തിനടിമയായി, കൂടെ പലവിധ രോഗങ്ങളും.ജോലിയിൽ ഒട്ടും ശ്രദ്ധയില്ലാതായി . ഒടുവിൽ ഒരപകടത്തെത്തുടർന്ന് വളരെക്കാലം ആശുപത്രിയിലുമായി. ഇടയ്ക്ക് അച്ഛന്റെ സഹോദരിയുടെ വിവാഹം നടന്നു. അവർ വിദേശത്തെവിടെയോ ആണ്. നാട്ടിലേക്കു വരാറൊന്നുമില്ല. അച്ഛന്റെ ചികിത്സ നടത്തി ഉണ്ടായിരുന്ന സമ്പാദ്യമൊക്കെ തീർന്നിരുന്നു. പക്ഷേ ഫലമൊന്നുമുണ്ടായില്ല. രോഹിത് ആശുപത്രി ക്കിടക്കയിൽത്തന്നെ അന്ത്യയാത്ര പറഞ്ഞു. അപ്പോഴേക്കും അവർ താമസിച്ചിരുന്ന വലിയ ഫ്ലാറ്റും വിൽക്കേണ്ടിവന്നു. വാടകയ്ക്കുകൊടുത്തിരുന്ന ഈ പഴയ ഫ്ലാറ്റിലേക്ക് താമസം മാറി. അതിനിടയിൽ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും രോഗങ്ങൾ. അങ്ങനെ തൃഷയുടെ ജീവിതംതന്നെ മാറിമറിഞ്ഞു.

പിന്നെ കാര്യങ്ങളൊക്കെ നടന്നത് പെട്ടെന്നായിരുന്നു. വിവരങ്ങളറിഞ്ഞ നീനയുടെ അച്ഛൻ ഒട്ടും വൈകാതെ മുംബൈയിലെത്തി. തൃഷ തന്റെ അമ്മാവന്റെ സ്നേഹവാത്സല്യങ്ങൾ ഏറ്റുവാങ്ങി. അവൾ മറ്റൊരു ലോകത്തെത്തപ്പെട്ടതുപോലെയായിരുന്നു. അദ്ദേഹം അവളോടൊപ്പംതന്നെ ഒരുമാസത്തോളം താമസിച്ചു. മുത്തശ്ശനും മുത്തശ്ശിക്കും നല്ല വൈദ്യസഹായം ഏർപ്പാടാക്കി. അവരെ നോക്കാൻ ഹോംനേഴ്സിനെയും നിയമിച്ചു. തൃഷയെ തുടർന്ന് പഠിപ്പിക്കാനും വേണ്ടതെല്ലാം ചെയ്തിട്ടാണ് അദ്ദേഹം മടങ്ങിയത്. അതിനുവേണ്ട പണച്ചെലവുകൾക്കായി സഹോദരിക്ക് അവകാശപ്പെട്ട ബാങ്ക് നിക്ഷേപം സ്ഥിരനിക്ഷേപമാക്കി അതിന്റെ പലിശ എല്ലാ മാസവും ലഭിക്കത്തക്കരീതിയിൽ മാറ്റി. മാലിനിയപ്പച്ചിയുടെ സ്വത്തുവകകളെല്ലാം തൃഷയുടെ പേരിലാക്കാനും വേണ്ടത് ചെയ്തു. കുറച്ച് കാലതാമസം വന്നുവെങ്കിലും അതൊക്കെ വേണ്ടവിധത്തിൽ നടന്നുകിട്ടി. തൃഷ വളരെ സന്തോഷവതിയായി ഒരു പൂമ്പാറ്റയെപ്പോലെ പാറിനടന്നു. മിടുക്കിയായി പഠിച്ചു. ഇംഗ്ലീഷ് സാഹി

ത്യമാണ് അവൾ ഉപരിപഠനത്തിനു തിരഞ്ഞെടുത്തത്. എം എ കഴിഞ്ഞു ഡോക്ടറേറ്റും നേടി ജോലിക്കായി ശ്രമിക്കുമ്പോൾ അമ്മാവൻ അവളോട് വിവാഹക്കാര്യം അവതരിപ്പിച്ചു. അവൾക്ക് നാട്ടിലുള്ള ഒരു മലയാളിപ്പയ്യനെ മതിയത്രേ!
പക്ഷേ അത് അത്ര എളുപ്പമുള്ളതായിരുന്നില്ല. നീനയുടെ അച്ഛൻ ഒരുപാടു പരിശ്രമിച്ചിട്ടാണ് അവൾക്കു യോജിച്ചൊരു പയ്യനെ കണ്ടെത്താനായത്. തൃഷയുടെ ആഗ്രഹപ്രകാരം കേരളത്തിലെ പ്രശസ്തമായൊരു കോളേജിൽ അധ്യാപകനായ രവിശങ്കർ അവൾക്കു വരനായി. അവളിന്ന് മലയാളക്കരയിൽ സന്തോഷവതിയായി കഴിയുന്നു. അഹാനയുടെ അമ്മയായി, നിരവധി കോളേജ് വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട അധ്യാപികയായി. .
അന്ന് ആ കരിമ്പിൻജ്യൂസ് കടയിൽ താനവളെ കണ്ടില്ലായിരുന്നുവെങ്കിൽ ....... നീനയ്ക്ക് അങ്ങനെയൊന്നു ചിന്തിക്കാനേ ഇപ്പോൾ കഴിയുന്നില്ല. കാലത്തിനു നന്ദി പറയാൻ മാത്രമേ അവൾക്കാവുന്നുള്ളൂ.

**കവിത**



നൈസി സി



# ലഹരി

യാത്രയായ് ഞാൻ യാത്രയായ്
യാത്ര ചോദിപ്പൂ നിൻ മനതാരിൽ
എവിടെ നിന്ന് വന്നുവോ നീ
വഴിയറിയാതെ അലഞ്ഞുപോയ്
കള്ളവും ചതിയും അറിയാതെ
പിഞ്ചോമനകൾ വളർന്നീടട്ടെ വളർന്നു വളർന്നു വലുതായീടും നേരം
എൻ കുടുംബവും രക്ഷിതാക്കളെ മറന്നും
വേദവാക്കുകളെല്ലാം ദുർവാക്കുകളായ് കേട്ടീടുന്നു
തൻ മക്കൾ ലഹരിയിലമർന്നീടുമ്പോൾ
മയക്കുമരുന്നിന് അടിമകളായിടും മക്കൾ
അവർ തൻ സിരകളിൽ ലഹരിയിൽ ആനന്ദത്തിൽ
അമ്മ തൻ കണ്ണുനീർ രക്തത്തുള്ളികളായി ഒഴുകിയിടും
വാക്കൊന്നു തെറ്റിയാൽ ജീവനെടുക്കുന്ന മക്കൾ
ആരിൽ വിശ്വാസമർപ്പിച്ചിടും നമ്മൾ
നേരിന്റെ നേരായ നേർവഴിക്കായിടുമോ
യാത്രയായ് ഞാൻ യാത്രയായ്
യാത്ര ചോദിപ്പൂ നിൻ മനതാരിൽ
നാമൊന്നായ് നമുക്കൊന്നായ് ചേർന്നിടേണം
ലഹരി വിരുദ്ധനാടായ് മാറ്റിടേണം
ഉദ്ഭവസ്ഥാനം തടഞ്ഞിടേണം
യാത്രയായ് ഞാൻ യാത്രയായ്
യാത്ര ചോദിപ്പൂ നിൻ മനതാരിൽ

കേരള സംസ്ഥാന
സാക്ഷരതാമിഷൻ അതോറിറ്റി



# പത്താംതരം
# ഹയർ സെക്കന്ററി
# തുല്യതാകോഴ്സ്



## പത്താംതരം തുല്യതാകോഴ്സ്

- 17 വയസ്സ് പൂർത്തിയാകണം
- ഏഴാംക്ലാസ്സ്/ഏഴാംതരം തുല്യതാകോഴ്സ് വിജയിയായിരിക്കണം
- കാലാവധി -10 മാസം
- പി. എസ്. സി അംഗീകാരം
- കോഴ്സ് ഫീസ് - 1950/-

## ഹയർസെക്കന്ററി തുല്യതാകോഴ്സ്

- 22 വയസ്സ് പൂർത്തിയാകണം
- പത്താംക്ലാസ്/ പത്താംതരം തുല്യത വിജയിച്ചിരിക്കണം
- കാലാവധി - രണ്ടുവർഷം
- പത്താംതരം തുല്യതാവിജയികൾക്ക് വയസ്സിളവ്
- കോഴ്സ് ഫീസ്
  ഒന്നാം വർഷം: 2300
  രണ്ടാം വർഷം : 2600

**ക്ലാസുകൾ പൊതുഅവധി ദിവസങ്ങളിൽ**

കൂടുതൽ വിവരങ്ങൾ സംസ്ഥാന സാക്ഷരതാ മിഷൻ ഓഫീസ്, ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുകൾ, വിദ്യാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. വിശദവിവരങ്ങൾ അറിയുന്നതിനായി www.literacymissionkerala.org എന്ന ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

**Aksharakairali**

"Registered" RNI. No. KERMAL/2003/10577

Published
**July - December 2025**




Edited, Printed, Published & Owned by Oleena A G, Director, Kerala State Literacy Mission Authority, Thiruvananthapuram

Editor: Oleena A G